# ഭൂനിയമപരിഷ്കരണം

# ഭാരതത്തിൽ

പബ്ളിക്കേഷൻസ് ഡിവിഷൻ

October 1959 — Asvina 1881
ഒക്ടോബർ 1959 — ആശ്വിനം 1881

LAND REFORMS IN INDIA —
(Malayalam)

വില: 40 ന.പൈ.

Published by The Director, Publications Division, Delhi-8 and
Printed at The Janatha Press, Madras-5.

# ഭൂനിയമ പരിഷ്കരണം ഭാരതത്തിൽ

सत्यमेव जयते

പ്ലാനിങ്ങ് കമ്മീഷനുവേണ്ടി
പ്രസിദ്ധീകരിക്കുന്നതു്

## ഉള്ളടക്കം


1. ഭൂനിയമ പരിഷ്കരണം എന്തിന് ... ... 3
2. ഇടനിലക്കാരെ നീക്കം ചെയ്യുക ... ... 9
3. കുടിയാന്മാക്ക് പ്രോത്സാഹനം ... ... 11
4. ഭൂപരിധിനിർണ്ണയം ... ... 18
5. കാഷിക പുനഃസംവിധാനം ... ... 22
6. ഭൂമിയില്ലാത്ത കൃഷകക്ക് ഭൂമി നൽകുക ... 28
7. ഭൂദാനപ്രസ്ഥാനം ... ... ... ... 30
8. ഭൂവുടമപരിഷ്കാരം നടപ്പാക്കൽ ... ... 34
9. ഒരു നിശ്ശബ്ദവിപ്ലവം ... ... ... 37

# 1. ഭൂനിയമപരിഷ്കരണം എന്തിന്

ഒരു അവികസിത രാജ്യമാണ് ഭാരതം. ഇത്തരം രാജ്യങ്ങളിലെ സാമ്പത്തികനിലയുടെ യഥാർത്ഥാടിസ്ഥാനം ഭൂമിയാകുന്നു. ജീവിതമാർഗ്ഗത്തിന് ഭൂമിയെ ആശ്രയിക്കുന്നവരാണ് ഭാരതത്തിലെ ജനങ്ങളിൽ 70 ശതമാനത്തോളം. ഭൂവുടമ സമ്പ്രദായം, ഭൂമി കൈവശം വയ്ക്കുന്നതും കൃഷി ചെയ്യുന്നതും സംബന്ധിച്ച വ്യവസ്ഥകൾ, ഭൂസ്വത്തിന്റെ തോതു് എന്നിവയെല്ലാം കാർഷികോൽപാദനത്തെ സാരമായി ബാധിക്കുന്നു.

ഭൂവുടമ സമ്പ്രദായം കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനവും അഭിവൃദ്ധിസൌകര്യങ്ങളും നൽകാൻ പര്യാപ്തമാണോ എന്നതിനെ ആശ്രയിച്ചിരിക്കും നാട്ടിലെ കാർഷികപുരോഗതി. അതുകൊണ്ടു്, കൃഷിവികസനത്തിൽ ഭൂവുടമപരിഷ്കാരങ്ങൾ സുപ്രധാനമായൊരു പങ്കു വഹിക്കുന്നു. രണ്ടു തരത്തിലാണിതു്. ഒന്നാമതു് ഇന്നത്തെ ഭൂവുടമസമ്പ്രദായത്തിന്റെ ചട്ടക്കൂട്ടിലുള്ള പോരായ്മകൾ പരിഹരിച്ചു കാർഷികസമ്പദ്‌വ്യവസ്ഥയിൽ ത്വരിതമായ പുരോഗതി കൈവരുത്താൻ അതു സഹായിക്കും. രണ്ടാമതു് നാട്ടുവാഴിത്ത ഭൂവുടമ സമ്പ്രദായം, പദവിയിലുള്ള വലിപ്പച്ചെറുപ്പങ്ങൾ, സന്ദർഭസമത്വമില്ലായ്മ, സ്വത്തിലും വരുമാനത്തിലും ഉള്ള അസമത്വങ്ങൾ, എന്നു തുടങ്ങി സാമൂഹ്യജീവിതത്തിലെ അനീതികൾ പലതും അവസാനിപ്പിക്കാൻ അതുപകരിക്കും.

1957-ൽ ഭാരതം സ്വാതന്ത്ര്യം നേടിയപ്പോൾ ഭൂവുടമസ്ഥതയിൽ ധാരാളം നിരപ്പുകേടുകൾ നിലവിലിരുന്നു. എണ്ണത്തിൽ ഗ്രാമീണരുടെ നാലു ശതമാനം മാത്രം വരുന്ന ഏതാനും ആളുകളുടെ വകയായിരുന്നു ഗ്രാമങ്ങളിലുള്ള ഭൂമിയിൽ പകുതിയും. 75 ശതമാനം ഗ്രാമീണർക്ക് ഉടമസ്ഥാവകാശം പറയാനുണ്ടായിരുന്നതു് ഗ്രാമഭൂമിയിൽ 16 ശതമാനത്തിൽ മാത്രമാണ്. 25 ശതമാനം പേർക്ക് സ്വന്തമായി ഭൂമിയേ ഇല്ലായിരുന്നു. 5 ഏക്കറിൽ താഴെ ഉണ്ടായിരുന്നവരാണ് 53 ശതമാനം. ഈ 5 ഏക്കർ തന്നെ അഞ്ചി

ങ്ങായി കിടന്ന തുണ്ടുഭൂമികളായിരുന്നതുകൊണ്ടു് ആധുനികരീതി യിൽ കൃഷി ചെയ്യുന്നതിനോ വേലി കെട്ടുന്നതിനുപോലുമോ സാധ്യ മായിരുന്നില്ല. ലാഭകരമായ ഒരേർപ്പാടായിരുന്നില്ല കൃഷി. നല്ല രീതിയിൽ കൃഷി ചെയ്യാനോ നല്ല ഉപകരണങ്ങൾ വാങ്ങാനോ ഒന്നും കർഷകർക്കു കഴിവില്ലായിരുന്നുതാനും.

പൊതുവേ പറഞ്ഞാൽ രണ്ടു പ്രധാന ഭൂവുടമസമ്പ്രദായങ്ങ ളാണു് രാജ്യത്തുണ്ടായിരുന്നതു്; സമിന്ദാരി സമ്പ്രദായവും റയട്ടു് വാരി സമ്പ്രദായവും. രാജ്യത്തിൻെറ പകുതി സ്ഥലത്തും നിലവി ലിരുന്ന സമിന്ദാരി സമ്പ്രദായം ബ്രിട്ടീഷുകാർ നടപ്പാക്കിയതാണു്. തങ്ങളുടെ ആജ്ഞാനുവത്തികളായി കുറെ ആളുകളെ അണിനിര ത്തുന്നതിനുവേണ്ടി ഈസ്റ്റിന്ത്യാ കമ്പനി സമിന്ദാർമാർ, ജാഗീർ ദാർമാർ തുടങ്ങി കുറേ ഇടനിലക്കാരെ സൃഷ്ടിച്ചു. അവക്കു കുടിയാ ന്മാരുടെ മേൽ ചില അധികാരങ്ങളും നൽകി. ഈ സമിന്ദാർമാ രിൽ പലരും ആദ്യം വെറും പാട്ടംപിരിവുകാരായിരുന്നു. പാട്ടം പിരിക്കുകയെന്നതിൽ കവിഞ്ഞു് ഭൂമിയുടെ കാര്യത്തിൽ അവക്കു് ഒട്ടും തന്നെ താല്പര്യമുണ്ടായിരുന്നില്ല. ചില സ്ഥലങ്ങളിൽ അവർ വേലക്കാരെ ഏൽപ്പിച്ചോ പങ്കുകാരോ പാട്ടക്കാരോ മുഖേനയോ നേരിട്ടു് കൃഷി ചെയ്യാറുമുണ്ടായിരുന്നു. എങ്കിലും കൂടുതൽ സ്ഥല വും കൃഷിചെയ്തിരുന്നതു് കുടിയാന്മാരാണു്. സമിന്ദാർമാർ ഗവ ണ്മെൻറിലേക്കു് ഒരു നിശ്ചിത തുക അടച്ചിരുന്നു. സ്ഥിര മായി നികുതി തിട്ടപ്പെടുത്തപ്പെട്ട പ്രദേശങ്ങളിൽ ഈ തുകയ്ക്കു ഒരു കാലത്തും മാററം വന്നതുമില്ല. എന്നാൽ സമിന്ദാർമാർ കുടിയാന്മാരിൽ നിന്നു വാങ്ങിയിരുന്ന പാട്ടമാകട്ടെ ഇഷ്ടംപോ ലെ വദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. "ഒരു വണ്ടിക്കു് അഞ്ചാമ തൊരു ചക്രം പോലെയാണു് സമിന്ദാർ. ഒരു വാഷിക ബാദ്ധ്യതയും ഭൂമിക്കൊരു ഭാരവുമാണു് അയാൾ." എന്നു് "ലോ കചരിത്രദശ്ന"ത്തിൽ ശ്രീ ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ടു്.

റയട്ടു്വാരി പ്രദേശങ്ങളിൽ ഗവൺമേൻറു് കുടിപാർപ്പുകാരു മായിത്തന്നെ നികുതിക്കരാറിൽ ഏപ്പെട്ടിരിക്കുന്നു. കുടിപാർപ്പു കാർ നേരിട്ടാണു് അവിടെ കൃഷി ചെയ്തിരുന്നതു്. ക്രമേണ ആ പ്രദേശങ്ങളിലു ജന്മികുടിയാൻ സമ്പ്രദായം തലപൊക്കി. ജന സംഖ്യ പെരുകിയതോടെ ഭൂമിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ സംഖ്യ കണക്കില്ലാതെ വദ്ധിച്ചു. കുടിയാന്മാർ തന്നെ കീഴ്പാട്ട

ത്തിനേൽപ്പിക്കുകയെന്ന സമ്പ്രദായം റയട്ട്വാരി പ്രദേശങ്ങളിലും സമിന്ദാരി പ്രദേശങ്ങളിലും പ്രാബല്യത്തിൽ വന്നു.

കൃഷി വികസിക്കുകയും ഭൂമിയുടെ വില കൂട്ടുകയും ചെയ്തതോടെ പാട്ടവും വദ്ധിച്ചു. ദക്ഷിണേന്ത്യയിൽ ജനപ്പെരുപ്പമുള്ള ചില സ്ഥലങ്ങളിൽ വിളവിൻെറ മൂന്നിൽ രണ്ടു ഭാഗംവരെ പാട്ടം കൊടുക്കേണ്ടിയിരുന്നു. ഇതെല്ലാം ചെന്നുചേൎന്നിരുന്നതു് ഇടനിലക്കാരുടെ കൈവശമാണു്. ചെറിയൊരു പങ്കുപോലും കൃഷിവികസനത്തിനു് പ്രയോജനപ്പെട്ടിരുന്നില്ല. ചുരുക്കത്തിൽ ഭൂവുടമകളും ഇടനിലക്കാരും സമ്പന്നരായി. ഇതിൻെറയെല്ലാം ഫലമോ? നികുതിവർദ്ധനവുമൂലം ഗവൺമേൻറിനു ന്യായമായി കൂടുതൽ കിട്ടേണ്ടിയിരുന്നതു് കിട്ടിയില്ലെന്നു മാത്രമല്ല യഥാൎത്ഥ കൎഷകൎക്കു് അവരുടെ അദ്ധ്വാനം പ്രയോജനപ്പെടാതെ പോവുകയും ചെയ്തു. കൂടാതെ തലമുറകളായി അനുഭവിച്ചുപോന്ന പാട്ടസ്ഥിരതയും നഷ്ടമായി. താങ്ങാൻ വയ്യാത്ത പാട്ടം; അവകാശങ്ങളിലുള്ള അസ്ഥിരത, കടബാദ്ധ്യതകൾ ഇവയെല്ലാം ചേൎന്നു് അവരുടെ അദ്ധ്വാനശീലത്തെത്തന്നെ കെടുത്തിക്കളഞ്ഞു. ഏതു നിമിഷത്തിലും തങ്ങൾ വിട്ടൊഴിഞ്ഞുകൊടുക്കേണ്ടിയിരുന്ന ഭൂമി നന്നാക്കിയെടുക്കുന്നതിൽ സ്വാഭാവികമായും അവൎക്കു താല്പൎയ്യമില്ലാതായിത്തീൎന്നു.

സ്വാതന്ത്ര്യം ലഭിച്ച കാലത്തു് സ്വന്തമായി ഭൂമിയില്ലാത്ത 5 കോടി കൎഷകരാണു് ഭാരതത്തിലെ ഗ്രാമങ്ങളിലുണ്ടായിരുന്നതു്. ആകെയുള്ള 5 കോടി 8 ലക്ഷം കൎഷകകുടുംബങ്ങളിൽ 1 കോടി 76 ലക്ഷം കുടുംബങ്ങളും പ്രധാനമായി കൃഷിത്തൊഴിലുകൾകൊണ്ടു് ഉപജീവനം കഴിക്കുന്നവരാണെന്നു് കൃഷിത്തൊഴിലാളികളുടെ നിലയെപ്പററി അന്വേഷിച്ച കമ്മീഷൻെറ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അത്തരം തൊഴിലാളികൾക്കു് സാധാരണ ആണ്ടിൽ ആറു മാസമേ പണിയുണ്ടാകൂ. അവരുടെ ശരാശരി വരുമാനം പ്രതി വ്യക്തി ദേശീയവരുമാനത്തിൻെറ പകുതി മാത്രമാണു്. ദേശീയ വരുമാനമോ? ആളൊന്നിനു് പ്രതിദിനം 12 അണ! ജോലിസ്ഥിരതയില്ലാതേയും വിഷമഘട്ടങ്ങളിൽ ഉപജീവനത്തിനു് ആശ്രയിക്കാൻ ഭൂമിയില്ലാതെയുമുള്ള അവരുടെ ജീവിതം ദുരിതമയമത്രേ.

## പുതിയ ഭൂനയം

ഭൂമിയില്ലാത്തവരുടെയും ചെറുകിട കർഷകരുടെയും കാൎയ്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കാൻ ദേശീയഗവൺ

മേൻറ് തീരുമാനിച്ചു. വൻകിട ജന്മിമാർ ഒരു വശത്തും ഭൂമിയി ല്ലാത്ത കൃഷിത്തൊഴിലാളികൾ മറുവശത്തുമായുള്ള ഒരു വിരോധാഭാസവ്യവസ്ഥിതിയാണ് നിലവിലിരുന്നതു്. ദേശീയ ഗവൺമേൻറു് അഭിമുഖീകരിച്ച ഒരു വെല്ലുവിളി തന്നെയായിരുന്നു അതു്. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുകയെന്ന അടിയന്തിരദേശീയാവശ്യം സാധിക്കണമെങ്കിൽ കൃഷിത്തൊഴിലാളികളെ നൈരാശ്യത്തിൽനിന്നു മോചിപ്പിക്കുകമാത്രമാണൊരു മാർഗ്ഗമെന്നു ബോധ്യമായി.

1947-നു മുമ്പുതന്നെ ചില സംസ്ഥാനങ്ങളിൽ ഭൂവുടമ നിയമങ്ങൾ നടപ്പാക്കിക്കഴിഞ്ഞിരുന്നു. അതനുസരിച്ച് ചില കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുകയും ചെയ്തു. പാട്ടം നിയന്ത്രിക്കുന്ന വ്യവസ്ഥകളുണ്ടായി. എന്നാൽ ഇതെല്ലാം പരമ്പരയായി കുടിയായ്മ അവകാശങ്ങൾ അനുഭവിച്ചുപോരുന്നവരുടെ അവകാശങ്ങൾ തിട്ടപ്പെടുത്തി വ്യവസ്ഥചെയ്യുന്ന നടപടികൾ മാത്രമായിരുന്നു. റയട്ട്വാരി പ്രദേശങ്ങളിലെ കീഴ്കുടിയാന്മാരുടെ നിലയും അതൃപ്തികരമായി തുടരുകയാണുണ്ടായതു്. എപ്പോൾ വേണമെങ്കിലും അവരെ പിരിച്ചയക്കുന്നതിൽ നിയമപരമായ തടസ്സങ്ങളൊന്നും പല സംസ്ഥാനങ്ങളിലുമുണ്ടായിരുന്നില്ല.

1950-51-ൽ ദേശീയ പദ്ധതി രൂപീകരിച്ചപ്പോൾ നമ്മുടെ ഭൂവുടമ സമ്പ്രദായം പുനഃസംഘടിപ്പിച്ച് യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നവർക്ക് അവരുടെ അദ്ധ്വാനം കൂടുതൽ പ്രയോജനപ്പെടത്തക്കവിധം വ്യവസ്ഥ ചെയ്യണമെന്നു് തീരുമാനിക്കപ്പെട്ടു. ഭൂമി അദ്ധ്വാനിക്കുന്ന കൃഷിക്കാരുടെ വകയായിത്തീരേണ്ടതു് സാമൂഹ്യനീതിക്കും കാർഷികോല്പാദന വികസനത്തിനും അനുപേക്ഷണീയമാണെന്നു് ബോദ്ധ്യമായി. അതനുസരിച്ച് രൂപംചെയ്യപ്പെട്ട പഞ്ചമുഖപദ്ധതിയാണിതു്.

1. ഇടനിലക്കാരെ ഒഴിവാക്കുക.
2. പാട്ടം കുറയ്ക്കുവാൻ നടപടികളെടുക്കുക; ജന്മിക്ക് സ്വന്തം കൃഷിക്കുവേണ്ടി ചില സ്ഥലങ്ങൾ തിരിച്ചെടുക്കാനുള്ള അവകാശത്തിനു വിധേയമായി ഭൂമിയിൽ കുടിയാന്മാർക്ക് സ്ഥിരാവകാശം നൽകുക; ന്യായമായ വില കൊടുത്തു് ഭൂമിയുടെ ഉടമസ്ഥാവകാശം സമ്പാദിക്കാൻ കുടിയാന്മാർക്ക് സൌകര്യമുണ്ടാക്കിക്കൊടുക്കുക.

3. കൈവശം വെച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരമാവധി നിർണ്ണയിക്കുക. മിച്ചഭൂമി വിതരണം ചെയ്യുക.
4. ഭൂസ്വത്ത് ഏകീകരിക്കുകയും തുണ്ടുതുണ്ടായി ഭാഗിച്ചുപോകുന്ന ഏർപ്പാട്ട് നിർത്തലാക്കുകയും ചെയ്യുക.
5. സഹകരണകൃഷിസമ്പ്രദായവും സഹകരണാടിസ്ഥാനത്തിൽ ഗ്രാമഭരണകാര്യം നിർവ്വഹിക്കുന്നതും പ്രോത്സാഹിപ്പിക്കുക.

ഭൂവുടമപരിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതു് സംസ്ഥാനഗവൺമെൻറുകളുടെ അധികാരപരിധിയിൽപ്പെട്ടുന്നതാണ്. പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ ഒരു പൊതുവായ സമീപനത്തിൻെറ രീതിയിലുള്ളവയത്രെ. പ്രാദേശികസ്ഥിതിഗതികൾക്കും ആവശ്യങ്ങൾക്കും അനുസരണമായി സംസ്ഥാനങ്ങൾ അവ നടപ്പിൽ വരുത്തുന്നതായിരിക്കും.

രണ്ടാം പദ്ധതിക്കാലത്തു തന്നെ ഇടനിലക്കാരെ നിർമ്മാർജ്ജനം ചെയ്യുന്ന പരിപാടികൾ ഏതാണ്ട് പൂർണ്ണമായും നടപ്പാക്കിക്കഴിഞ്ഞു. എന്നാൽ ഭൂവുടമ പരിഷ്കാരങ്ങളുടെ മററു വശങ്ങൾ ഇനിയും പ്രായോഗികമാക്കേണ്ടിയിരിക്കുന്നു.

ഒരു സോഷ്യലിസ്റ്റ് സമുദായവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമാണ് ഭൂനിയമപരിഷ്കാരം. പാട്ടം വാങ്ങിക്കഴിയുന്ന സെമിന്ദാരന്മാരെ രംഗത്തുനിന്നും പിരിച്ചയക്കുകയും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരമാവധി നിർണ്ണയിക്കുകയും ചെയ്യുന്നതു മൂലം സ്വത്ത്, വരുമാനം എന്നിവയിലുള്ള ഏററക്കുറച്ചിലുകൾ ഒതുക്കി സമത്വപൂർണ്ണമായ ഒരു വ്യവസ്ഥിതിയിലേക്ക് സമീപിക്കാവുന്നതുമാകുന്നു. കുടിയായ്മസ്ഥിരത ഉറപ്പുചെയ്യുകയും പാട്ടം കുറവുചെയ്യുകയും യഥാർത്ഥ കഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറുകയും ചെയ്യുന്നതുമൂലം ഭൂമിയിൽനിന്നുള്ള ഉല്പാദനം വർദ്ധിപ്പിക്കാൻ കൃഷിക്കാർക്ക് കൂടുതൽ താല്പര്യമുണ്ടാകും. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിക്ക് പ്രാധാന്യം നൽകിയിരിക്കുന്നതുകൊണ്ട് ചെറുകിട കഷകരുടെ കൃഷിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായിത്തീരുന്നതാണ്. ഇങ്ങിനെ വർദ്ധിച്ച ഉല്പാദനത്തോതും കാര്യക്ഷമതയുമുള്ള ഒരു കാർഷിക സമ്പദ്‌വ്യവസ്ഥ നടപ്പാക്കാൻ ഭൂനിയമം പ്രയോജനപ്പെടുന്നു. ഇടനിലക്കാരെ നീക്കം ചെയ്യുകയും സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കു

കയും ചെയ്യുന്നതുമൂലം പാട്ടം പിരിവുകാരും ജന്മികളും സ്വന്തം കീശ വീർപ്പിക്കാൻ എടുത്തുകളയുമായിരുന്ന തുക കൂടി ദേശീയ വികസനത്തിനു് ഉപയോഗിക്കാൻ സാദ്ധ്യമാകുന്നു.

ഭൂനിയമം നടപ്പാക്കുന്നതിലുണ്ടാകുന്ന അമാന്തവും അനിശ്ചിതത്വവും ഗ്രാമീണസാമ്പത്തിക ഘടനയെ കൂടുതൽ ദുർബലമാക്കുകയും നമ്മുടെ വ്യാവസായിക-കാർഷിക പുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്നു് ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നു. ഇതിനകം ലഭിച്ച അനുഭവപരിചയങ്ങളുടെ വെളിച്ചത്തിൽ രണ്ടാം പദ്ധതിക്കാലത്തു് ഭൂപരിഷ്കരണനിയമങ്ങൾ ഫലപ്രദമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

ഭൂപരിഷ്കരണനിയമങ്ങൾ നാട്ടിൻെറ പല ഭാഗത്തും ഒരേ തരത്തിൽ ആയിരിക്കുക സാദ്ധ്യമല്ല. പല സ്ഥലത്തേയും പ്രശ്നങ്ങൾ പല തരത്തിലുള്ളവയാണു്. എന്നാൽ എല്ലാ സംസ്ഥാനങ്ങളുടേയും ഭൂപരിഷ്കരണ സമീപനത്തിൽ പൊതുവായി ഒരു ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാവശ്യമാണു്. ഇതിനുവേണ്ടി 1953 മേയിൽ കേന്ദ്രഗവൺമേൻറ് ഒരു കേന്ദ്രഭൂവുടമ പരിഷ്കരണ സമിതി രൂപീകരിച്ചു. സമിതിയിൽ പ്ലാനിങ്ങ് കമ്മീഷൻ അദ്ധ്യക്ഷനും അംഗങ്ങളും ആഭ്യന്തരവകുപ്പ്, ഭക്ഷ്യകൃഷിവകുപ്പ് എന്നീ വകുപ്പുകളുടെ മന്ത്രിമാരും ഇതിൽ അംഗങ്ങളാണു്. പ്ലാനിങ്ങ് കമ്മീഷൻെറ ഭൂവുടമ പരിഷ്കരണവിഭാഗം ഈ സമിതിയെ സഹായിക്കുന്നുണ്ടു്.

ഭൂപരിഷ്കരണം സംബന്ധിച്ച പ്രധാന പ്രശ്നങ്ങൾ കേന്ദ്രസമിതിയിൽ ചർച്ചചെയ്യപ്പെടുന്നു. ആവശ്യമുള്ള സന്ദർഭങ്ങളിൽ അതു് സംസ്ഥാനഗവമ്മേണ്ടുകൾക്കു വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്യും. ഓരോ സംസ്ഥാനത്തേയും പ്രത്യേകതകളെ മുൻനിർത്തിക്കൊണ്ടു് അതിനനുസരിച്ച രീതിയിലാണു് പരിപാടി നടപ്പാക്കുന്നതെന്നു് മുൻപുതന്നെ പറഞ്ഞല്ലോ.

ഭൂവുടമ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിലുള്ള പുരോഗതി കൂടെക്കൂടെ ദേശീയവികസനകൌൺസിൽ പുനരവലോകനം ചെയ്യുന്നതാണു്. ദേശീയവികസനകൌൺസിലിൽ സംസ്ഥാനമുഖ്യമന്ത്രിമാർ അംഗങ്ങളാകുന്നു.

ഭൂവുടമ പരിഷ്കരണം സംബന്ധിച്ചുണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചു് അടുത്ത അദ്ധ്യായങ്ങളിൽ ചുരുക്കമായി വിവരിച്ചിരിക്കുന്നു.

## 2. ഇടനിലക്കാരെ നീക്കം ചെയ്യുക

ജനാധിപത്യ മാർഗ്ഗങ്ങളിലൂടെ ഒരു സാമൂഹ്യപരിവർത്തനം നടപ്പാക്കുകയെന്നതാണ് ഭാരതത്തിലെ ഭൂനയത്തിൻെറ ലക്ഷ്യം. ഏതെങ്കിലും സ്വകാര്യസ്വത്ത് ഗവൺമെൻെറിലേക്കെടുത്താൽ അതിന് പ്രതിഫലം നൽകണമെന്ന് നമ്മുടെ ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ പ്രതിഫലം കൊടുത്തിട്ടുതന്നെയാണെങ്കിലും മദ്ധ്യവർത്തികളെ ഒഴിവാക്കുകയെന്നതു് അത്ര എളുപ്പമായിരുന്നില്ല. ഭൂമി ഏറെറടുക്കുന്നതു് സംബന്ധിച്ച കാര്യങ്ങൾക്ക് പ്രത്യേകം ഭരണപരമായ ഏർപ്പാടുകൾ തന്നെ ഉണ്ടാകേണ്ടിയിരുന്നു. പട്ടയവും മററു പ്രമാണങ്ങളും പുതുക്കേണ്ടതായും പുതുതായുണ്ടാക്കേണ്ടതായും വന്നു. ചില സംസ്ഥാനങ്ങളിൽ സമീന്ദാരി നിറുത്തലാക്കൽ നിയമത്തിൻെറ സാധുത കോടതിയിൽ ചോദ്യംചെയ്യപ്പെട്ടു. അതുപോലുള്ള നിയമപരമായ തക്കങ്ങൾ കോടതി മുഖേന പൊങ്ങിവരുന്നതു് ഒഴിവാക്കാൻവേണ്ടി ഭരണഘടന രണ്ടു തവണ ഭേദഗതി ചെയ്യപ്പെട്ടു. എല്ലാ സംസ്ഥാനങ്ങളിലും ഇതിനകംതന്നെ ഇടനിലക്കാരെ ഒഴിവാക്കിയിട്ടുണ്ട്. കുടിയാന്മാരെ, ചില സംസ്ഥാനങ്ങളിൽ കീഴ്കുടിയാന്മാരേയും, ഗവൺമെൻറുമായി നേരിട്ടുള്ള ഏർപ്പാടിൽ കൊണ്ടുവന്നിരിക്കുന്നു. അങ്ങിനെ അവരുടെ ക്ഷേമത്തിനുള്ള ഉത്തരവാദിത്വം ഗവൺമെൻറിന് നേരിട്ട് കൈവന്നിരിക്കുകയാണ്. കാഷികബന്ധസമ്പ്രദായങ്ങളിലുള്ള വൈവിധ്യം ഒട്ടധികം കുറവു ചെയ്തിരിക്കുന്നു. ഇടനിലക്കാർക്ക് മുമ്പ് കുടിയാന്മാർ കൊടുത്തുവന്നിരുന്ന പാട്ടമാണ് ചില സ്ഥലങ്ങളിൽ ഇപ്പോൾ ഗവൺമെൻറിലേക്ക് അവർ നേരിട്ടേല്പിക്കുന്നതു്.

മദ്ധ്യവർത്തികളെ ഒഴിവാക്കിയതു് ഭൂവിതരണക്കാര്യത്തിൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. മദ്ധ്യവർത്തികൾ മുമ്പ് കൈവശം വെച്ചുകൊണ്ടിരുന്ന ഭൂമിയുടെ പരിധി വളരെയധികം കുറവു ചെയ്തതിനു പുറമെ അവരുടെ കൈവശമുണ്ടായിരുന്ന തരിശുഭൂമികളും മേച്ചിൽ സ്ഥലങ്ങളും ഏറെറടുക്കുകയും

ചെയ്തിരിക്കുന്നു. സംസ്ഥാനഗവൺമെൻറുകൾ നേരിട്ടും ഗ്രാമപ്പഞ്ചായത്തുകൾ മുഖേനയുമാണ് ഇപ്പോൾ ആ സ്ഥലങ്ങളുടെ ഭരണം നടത്തുന്നത്.

വസ്തുവിൽനിന്നുള്ള അററാദായത്തിൻെറ ഇത്ര ഇരട്ടി പ്രതിഫലം എന്നു നിശ്ചയിച്ച് അങ്ങിനെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനാണ് പല സംസ്ഥാനഗവൺമെൻറുകളും തീരുമാനിച്ചതു്. നഷ്ടപരിഹാരവും പലിശയും മററും ചേന്ന് ആകെ 625 കോടി രൂപയോളം ഈ ഇനത്തിൽ നൽകേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ കൂടുതൽ തുകയും ബീഹാർ, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലായിരിക്കും ചിലവാകുന്നതു്. പ്രതിഫലം നൽകുന്നതു് ഒറ്റപ്രമാണമായോ 40 വഷത്തിനകം തവണകളായി കൊടുത്തുതീക്കാനുള്ള വ്യവസ്ഥയിലോ ആയിരിക്കും.

ഇതേവരെയായി 90 കോടി രൂപയോളം ഇടക്കാല നഷ്ടപരിഹാരങ്ങളായി നൽകിയിട്ടുണ്ട്. ഇതിൽ 57 കോടി ഉത്തർ പ്രദേശത്തും 4.6 കോടി ആന്ധ്രയിലും 2.31 കോടി മദ്രാസിലും 3.2 കോടി ബീഹാറിലും 6.4 കോടി മദ്ധ്യപ്രദേശിലും (മുൻപത്തെ മദ്ധ്യഭാരതം ഉൾപ്പടെ) 5 കോടി ഹൈദ്രബാദിലും 4.2 കോടി രാജസ്ഥാനിലും വിതരണം ചെയ്തു. ചില സ്ഥലങ്ങളിൽ ഭൂമിയുടെ വില തിട്ടപ്പെടുത്താൻ അമാന്തം നേരിടുന്നതുകൊണ്ട് പ്രതിഫലം നൽകിക്കഴിഞ്ഞിട്ടില്ല. മിക്ക സംസ്ഥാനങ്ങളിലും മദ്ധ്യവത്തികളുടെ അവകാശങ്ങൾ അവസാനിപ്പിച്ചുകൊണ്ടുള്ള നിയമത്തിൽ അററ ആദായത്തിൻെറ ഇത്രയിരട്ടി പ്രതിഫലമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. നിശ്ചിതപ്രതിഫലത്തിൻെറ നിരക്ക് ഓരോരുത്തരുടെ കായ്യത്തിലും നിണ്ണയിക്കുന്നതിനു മുമ്പ് അവക്കു സ്വന്തമായി ആകെയുള്ള ഭൂമിയിൽനിന്നും എന്തു് ആദായമുണ്ട് എന്ന കായ്യം കണക്കാക്കേണ്ടിയിരിക്കുന്നു. പല സംസ്ഥാനങ്ങളിലും മദ്ധ്യവത്തികളുടെ അവകാശങ്ങളും സ്വത്തുകളും സംബന്ധിച്ച പട്ടിക തയ്യാറാക്കി അതിനെ അടിസ്ഥാനപ്പെടുത്തി പ്രതിഫലം നൽകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 1959-ഓടു കൂടി പ്രതിഫലം സംബന്ധിച്ച പൂണ്ണമായ വിവരം തീരുമാനിക്കാൻ മിക്കവാറും എല്ലാ സംസ്ഥാനങ്ങൾക്കും സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. പ്രതിഫലം സംബന്ധിച്ച് അവസാന തീരുമാനം കൈക്കൊള്ളുന്നതിനകം തന്നെ സംസ്ഥാന ഗവൺമെൻറുകൾ ഇടക്കാല നഷ്ടപരിഹാരം നൽകുന്നുണ്ട്.

# 3. കുടിയാന്മാർക്ക് പ്രോത്സാഹനം

പാടത്തു പണിചെയ്യുന്ന കൃഷകരാണ് ഒരു രാഷ്ട്രത്തിന്റെ നട്ടെല്ല്. ജനങ്ങൾക്കാവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു പുറമെ വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കളും അവർ നിർമ്മിക്കുന്നു. എന്നാൽ അടുത്ത കാലംവരെ അദ്ധ്വാനിക്കുന്ന കർഷകർക്ക് സ്വന്തമായി ഭൂമിയുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽത്തന്നെയും അതു് കഷ്ടിച്ച് പാർക്കാൻ മാത്രമേ മതിയായിരുന്നുള്ളുതാനും. അവർക്ക് സ്വന്തം സ്ഥലത്തു് കൃഷി ചെയ്ത് അതിലെ ആദായംകൊണ്ടു് ജീവിക്കാൻ ഒരിക്കലും സാദ്ധ്യമായിരുന്നില്ല. മററുള്ളവരിൽനിന്നു് ഭൂമി പാട്ടത്തിനും മററുമായി എടുത്തു് കൃഷി ചെയ്തു വേണ്ടിയിരുന്നു ഉപജീവനം കഴിക്കാൻ. ഭൂവുടമസ്ഥർ ആവശ്യപ്പെടുന്ന പാട്ടംകൊടുക്കാൻ കുടിയാന്മാർ ബാദ്ധ്യസ്ഥരായിരുന്നു. ഭൂമിയിൽ ഉടമസ്ഥാവകാശമില്ലായിരുന്നതുകൊണ്ടു് കൃഷിക്കുവേണ്ടി പണം കടം വാങ്ങുന്നതിനുപോലും അവർക്കു സാധിച്ചിരുന്നില്ല. അമിതമായ പലിശ കൊടുത്തു് ഹുണ്ടികവ്യാപാരികളുടേയും മററും പക്കൽനിന്നു് കടം വാങ്ങുകയാണ് അവർ ചെയ്തിരുന്നതു്. കടം വാങ്ങുന്ന തുക മടക്കിക്കൊടുക്കാൻ നിവൃത്തിയില്ലാതെ സർവ്വസ്വവും നഷ്ടപ്പെട്ട് നിരാധാരരായിപ്പോകുന്ന കൃഷിപ്പണിക്കാർ ധാരാളമുണ്ടായിരുന്നു.

മര്യാദപ്പാട്ടം നിശ്ചയിക്കുകയെന്നതും കുടിയിറക്കു് തടയുകയെന്നതുമാണ് കുടിയാന്മാർക്കു വേണ്ടി അടിയന്തിരമായി കൈക്കൊള്ളേണ്ടിയിരുന്ന നടപടികൾ. മറെറാന്നുള്ളതു് അവർ കൃഷി ചെയ്യുന്ന ഭൂമി സ്വന്തമാക്കാൻ തക്ക സാഹചര്യങ്ങൾ അവർക്ക് ഉണ്ടാക്കിക്കൊടുക്കുകയെന്നതായിരുന്നു.

വളരെയധികം ഭൂവുടമസ്ഥന്മാർക്ക് സ്വന്തമായി ധാരാളം ചെറുതുണ്ടു ഭൂമികൾ ഉണ്ടായിരുന്നതുകൊണ്ടും അതിൽ പലതിലും അവർ നേരിട്ടു് കൃഷിചെയ്തിരുന്നതുകൊണ്ടും ജന്മികളുടേയും കുടിയാന്മാരുടേയും താൽപര്യങ്ങൾക്കു് തമ്മിൽ ശ്രദ്ധാപൂർവ്വമായ പൊരുത്തപ്പെടുത്തലുകൾ ആവശ്യമായിരുന്നു. ഭാരതത്തിലെ ഭൂവുടമ

പരിഷ്കരണത്തിൽ എടുത്തുപറയപ്പെടേണ്ട ഒരു പ്രത്യേകത സ്വന്തം കൃഷിക്കുവേണ്ടി ജന്മികൾക്കു കുറേ ഭൂമി വിട്ടുകൊടുക്കുകയെന്നതും അതോടൊപ്പംതന്നെ കുടിയാന്മാർ ഭൂരഹിതരായിപ്പോകാൻ അനുവദിക്കാതിരിക്കുകയെന്നതുമാണു്. പാട്ടം നിയന്ത്രിച്ചു് പലവിഭാഗത്തിൽപ്പെട്ട കുടിയാന്മാരുടെയും താല്പര്യങ്ങൾക്കും സംരക്ഷണം നൽകിയിരിക്കുന്നു. അവൎക്കു് അവകാശസ്ഥിരതയും കൃഷിഭൂമി വിലയ്ക്കു വാങ്ങാനുള്ള സൌകര്യങ്ങളും നൽകിയിട്ടുണ്ടു്.

കൃഷിക്കാരനു് ഉൽപാദനം വർദ്ധിപ്പിക്കാൻ വേണ്ട സാമ്പത്തികശേഷിയും ഉത്സാഹവും സൃഷ്ടിക്കണമെന്ന ലക്ഷ്യത്തോടെ ഒരു കുടിയാൻ കൊടുക്കേണ്ട പാട്ടം ആകെ വിളവിൻെറ നാലിലൊന്നിലോ അഞ്ചിലൊന്നിലോ അധികമാകാൻ പാടില്ലെന്നു് ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. രണ്ടാം പദ്ധതിയിൽ ഈ നിർദ്ദേശം കുറേക്കൂടി ശക്തിപ്പെടുത്തുകയുണ്ടായി. അതനുസരിച്ചു് പല സംസ്ഥാനങ്ങളിലും പാട്ടം ഏറെക്കവിഞ്ഞാൽ ഉൽപാദനത്തിൻെറ നാലിലൊന്നിലധികം പാടില്ലെന്നു് തീരുമാനിക്കപ്പെട്ടു. ഉദാഹരണത്തിനു് രാജസ്ഥാനിലേയും ബോംബേയിലേയും വ്യവസ്ഥകൾ നോക്കിയാൽ മതി. അവിടെ ആറിലൊന്നു് പാട്ടം ആക്കിക്കൊണ്ടു് നിയമം നടപ്പാക്കിയിരിക്കുന്നു. ഉത്തർപ്രദേശിൽ മുൻപത്തെ കീഴ്കുടിയാന്മാർ കൊടുക്കേണ്ട പാട്ടം പരമ്പരയാ കൊടുത്തുപോന്ന പാട്ടത്തിൻെറ ഇരട്ടിയാക്കി സ്ഥിരപ്പെടുത്തി. ഡൽഹിയിലും അജ്മീറിലും ആസാമിൽ ചില സ്ഥലങ്ങളിലും മുമ്പത്തെ ഹൈദ്രബാദ് സംസ്ഥാനത്തും പാട്ടം ഉൽപാദനത്തിൻെറ അഞ്ചിലൊന്നാക്കി തിട്ടപ്പെടുത്തിയിരിക്കുന്നു. ഒറീസ്സ, ഹിമാചൽപ്രദേശ്, മൈസൂരിൽ ചില ഭാഗങ്ങൾ, മദ്ധ്യപ്രദേശിലെ വിന്ധ്യപ്രദേശ്, പഞ്ചാബ്, മുമ്പത്തെ പെപ്സു, കച്ച് എന്നിവിടങ്ങളിൽ ഉൽപാദനത്തിൻെറ മൂന്നിലൊന്നും ബീഹാറിൽ ഇരുപതിൽ ഏഴും ഭാഗമാണു് പാട്ടം. മദ്രാസിൽ അഞ്ചിൽ രണ്ടു ഭാഗവും, മുമ്പത്തെ ആന്ധ്രപ്രദേശങ്ങളിലും മലബാറിലും പശ്ചിമബങ്കാളിലും ജമ്മു-കാശ്മീരിലും ചില സ്ഥലങ്ങളിൽ ഉൽപാദനത്തിൻെറ പകുതിയും പാട്ടമായി വ്യവസ്ഥചെയ്തു.

പാട്ടം നിയന്ത്രിക്കാനുള്ള നിയമവകുപ്പുകൾ പ്രയോഗത്തിൽ കൊണ്ടുവരണമെങ്കിൽ, പ്രത്യേകിച്ചും ജനസംഖ്യ അധികമുള്ള സ്ഥലങ്ങളിൽ, കുടിയായ്മസ്ഥിരത നൽകുകയും ഉടമസ്ഥാവകാശം വാങ്ങാൻ കുടിയാന്മാൎക്കു് സൌകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്തിരിക്കണം.

പല സംസ്ഥാനങ്ങളിലും കാർഷികനിയമങ്ങൾ പാസ്സാക്കി ക്കഴിഞ്ഞിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ കുടിയൊഴിപ്പിക്കൽ ഇടക്കാലത്തേക്കു് നിർത്തിവെച്ചുകൊണ്ടുള്ള നടപടികൾ കൈക്കൊണ്ടിരിക്കുന്നു.

കുടിയാന്മാർക്കു് ഭൂമിയിൽ സ്ഥിരാവകാശം നൽകിക്കൊണ്ടുള്ള നിയമനിർമ്മാണത്തിൽ സ്വന്തമായി കൃഷിചെയ്യാൻവേണ്ടി ജന്മിക്കു് കുടിയാന്മാരുടെ കയ്യിൽനിന്നും കുറേ ഭൂമി ഒഴിച്ചെടുക്കുവാനുള്ള അവകാശം അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വേണ്ടത്ര കരുതൽവ്യവസ്ഥകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഇതു് കുടിയാന്മാരെ കൂട്ടത്തോടെ ഇറക്കിവിടുന്നതിനു് ഇടയാക്കിയിട്ടുണ്ടെന്നു് അറിയാൻ കഴിഞ്ഞു. അതുകൊണ്ടു് സ്വന്തം കൃഷിക്കുവേണ്ടി ഭൂവുടമസ്ഥർ സ്ഥലമൊഴിച്ചെടുക്കുന്നപക്ഷം കുടിയാന്മാർക്കു് ഒരു നിശ്ചിതപരിധിയോളം സ്ഥലം നീക്കിക്കൊടുക്കേണ്ടതുണ്ടെന്നു് രണ്ടാം പദ്ധതിയിൽ ശുപാർശ ചെയ്തിരിക്കുന്നു.

വിവിധ സംസ്ഥാനങ്ങളിൽ കുടിയായ്മസ്ഥിരതക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള നിയമങ്ങൾ പലതരത്തിലുള്ളതാണു്. പൊതുവെ താഴെപ്പറയുന്ന രീതിയിലുള്ള വ്യവസ്ഥകളാണു് നടപ്പാക്കിയിട്ടുള്ളതു്.

1. ഉത്തർപ്രദേശത്തും, ഡെൽഹിയിലും, പശ്ചിമബങ്കാളിലും കുടിയാന്മാർക്കും കീഴ്കുടിയാന്മാർക്കും പൂർണ്ണസംരക്ഷണം നൽകിയിരിക്കുന്നു. ഭൂവുടമസ്ഥന്മാർക്കു് ഭൂമി മടക്കിയെടുക്കാനുള്ള അവകാശം നൽകിയിട്ടില്ല. കുടിയാന്മാർ ഇടനിലക്കാരുടെ മാദ്ധ്യസ്ഥ്യമില്ലാതെതന്നെ സർക്കാരുമായി നേരിട്ടിടപെടാൻ അനുവദിക്കപ്പെട്ടിരിക്കുന്നു.
2. ആസാമിലും, മുമ്പത്തെ ബോംബെ, പഞ്ചാബ്, രാജസ്ഥാൻ, ഹിമാചൽപ്രദേശ് തുടങ്ങിയ പ്രദേശങ്ങളിലും നേരിട്ടു കൃഷിചെയ്യാൻ വേണ്ടി ഭൂവുടമസ്ഥനു് ഭൂമി വീണ്ടെടുക്കാൻ അനുവാദമുണ്ടു്. എന്നാൽ നിശ്ചിതതോതിൽ കുറയാതെയുള്ള ഭൂമി അതേ സ്ഥലത്തോ സൌകര്യമുള്ള അയൽ സ്ഥലത്തോ കുടിയാനവനു് നൽകാൻ ജന്മി വേണ്ട ഏർപ്പാടു് ചെയ്തിരിക്കണം.

പശ്ചിമബംഗാളിലും (ബർഗദാർ മാത്രം) മുമ്പത്തെ ഹൈദരാബാദ് പ്രദേശത്തും, ജമ്മു-കാശ്മീരിലും പഴയ കച്ച് പ്രദേശത്തും നേരിട്ടു് കൃഷിചെയ്യുന്നതിനുവേണ്ടി നിശ്ചി

തമായ തോതിൽ സ്ഥലം വീണ്ടെടുക്കാൻ ജന്മിക്കവകാശമുണ്ട്. കുടിയാനവന് സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് നിശ്ചിതമായ വ്യവസ്ഥകളൊന്നുമില്ല.

ഭൂമി തിരിച്ചെടുക്കാൻ ജന്മിക്ക് അനുവാദം നൽകിയിട്ടില്ലാത്ത സ്ഥലങ്ങളിൽ കുടിയായ്മസ്ഥിരത അനുവദിക്കപ്പെട്ടിട്ടുണ്ട്. വീണ്ടെടുക്കാവുന്നതും വീണ്ടെടുക്കാൻ പാടില്ലാത്തതുമായ പ്രദേശങ്ങൾ വേർതിരിക്കുന്നതിനും വീണ്ടെടുക്കുന്നതിൻെറ കാലഘട്ടം നിജപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

3. ആന്ധ്ര, ഒറീസ്സ, മദ്രാസ്, ബോമ്പെയിലെ വിദർഭപ്രദേശം, മദ്ധ്യഭാരതം, മദ്ധ്യപ്രദേശിലെ ഭോപാൽ, വിന്ധ്യപ്രദേശങ്ങൾ, കേരളം, മണിപ്പൂർ, മൈസൂർ എന്നിവിടങ്ങളിൽ കുടിയൊഴിപ്പിക്കൽ തടയാനുള്ള നിയമം നടപ്പാക്കിയിട്ടുണ്ട്. മദ്രാസിലും ഒറീസ്സയിലും നേരിട്ടു കൃഷിചെയ്യുന്നതിനുവേണ്ടി ഒഴിച്ചെടുക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിരിക്കുന്നു. ഒഴിച്ചെടുക്കുന്നതിന് മററു ചില വ്യവസ്ഥകളും കൂടി അനുസരിക്കേണ്ടതുണ്ട്.

സ്വന്തമായി കൃഷിചെയ്യാനെന്നുള്ള വ്യാജേന അഴിമതി നടത്താതിരിക്കാൻവേണ്ടി സ്വന്തം കൃഷി എന്നതിൻെറ നിർവ്വചനത്തിൽ ഭൂവുടമസ്ഥരുടെ ചുമതലകൾ സംബന്ധിച്ച് ചില ഉപാധികൾ വേണമെന്ന് രണ്ടാം പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ഈ ചുമതലകളുടെ കൂട്ടത്തിൽ താഴെപ്പറയുന്നവയുൾപ്പെടുന്നു:

1. നേരിട്ടുതന്നെ കൃഷികാര്യങ്ങൾ നടത്തുക.
2. താമസം നിലം കിടക്കുന്ന അതേ ഗ്രാമത്തിലോ അതിനു തൊട്ട ഗ്രാമത്തിലോ ആയിരിക്കുക.
3. ഭൂമി വീണ്ടെടുക്കുന്നപക്ഷം നേരിട്ട് വേലചെയ്യുന്നുണ്ടായിരിക്കുക.
4. കൃഷി മുഖേന വരാവുന്ന നഷ്ടം മുഴവൻ സ്വയമായി സഹിക്കുക.

ഇതനുസരിച്ച് സ്വന്തം കൃഷിക്കുവേണ്ടി ഭൂമി വീണ്ടെടുക്കാൻ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങളിൽ മുൻപറഞ്ഞ ഉപാധികളിൽ ഏതെങ്കിലും ചിലതു് നിർബ്ബന്ധിതമററുമാക്കിയിരിക്കും. ബോമ്പെയിലെ രാജസ്ഥാനിലും ചില സംസ്ഥാ

നങ്ങളിലും ആദ്യത്തേതും നാലാമത്തേതും വ്യവസ്ഥകൾ നടപ്പാക്കിയിരിക്കുന്നു. രണ്ടാമത്തെ പാധി ആസ്സാമിലേയും ബോമ്പെയിലേയും നിയമങ്ങളിൽ ഉണ്ട്.

നിയമപ്രകാരം കുടിയാനവനു് സംരക്ഷണം നൽകിയിട്ടുള്ള ചില സ്ഥലങ്ങളിലും ജന്മിമാരുടെ സാമൂഹ്യവും സ്വാമ്പത്തികവുമായ സ്വാധീനശക്തിമൂലം കുടിയാന്മാർ സ്വമേധയാ വിട്ടൊഴിയാൻ നിർബ്ബന്ധിതരാകുന്നുണ്ടെന്നു് ഒന്നാം പദ്ധതികാലത്തു് അറിയാൻ കഴിഞ്ഞു. മൂന്നു വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള ഈ വച്ചൊഴിയലുകൾ പുനരവലോകനം ചെയ്യേണ്ടതും കുടിയൊഴിപ്പിക്കപ്പെട്ട കുടിയാന്മാരെ അവരുടെ സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുമാണെന്നു് രണ്ടാം പദ്ധതിയിൽ ശുപാർശ ചെയ്യപ്പെട്ടു. സ്വമേധയായുള്ള വച്ചൊഴിയൽ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി അത്തരം കരണങ്ങൾ റവന്യൂ അധികൃതർ മുറപ്രകാരം റജിസ്റ്റർ ചെയ്തിട്ടുള്ളവയല്ലെങ്കിൽ അസാധുവായിരിക്കുന്നതാണെന്നും അത്തരം സന്ദർഭങ്ങളിൽ സ്വന്തം കൃഷിക്കു് നിയമപ്രകാരം ഒഴിച്ചെടുക്കാവുന്ന പരിധിയിൽ കവിഞ്ഞ ഭൂമി ജന്മികൾ കൈവശം ചേർക്കാൻ പാടില്ലെന്നും നിർദ്ദേശിക്കപ്പെട്ടു.

ഭൂമി സ്വമേധയാ വിട്ടൊഴിയുന്നതു് രേഖാമൂലമായും ഉത്തമവിശ്വാസത്തോടുകൂടിയും ഒരു റവന്യൂ ആഫീസറുടെ മുമ്പിൽ വേണമെന്നു് പല സംസ്ഥാനങ്ങളിലേയും നിയമങ്ങൾ നിർദ്ദേശിക്കുന്നു. ബോമ്പെയിൽ സ്വമേധയായുള്ള വിട്ടൊഴിയലിൻെറ ഫലമായി ജന്മിക്കു കൈവശത്തിലെടുക്കാവുന്ന ഭൂമിയുടെ പരിധിയും നിശ്ചയിച്ചിട്ടുണ്ടു്. ജന്മിക്കു് മററു തരത്തിൽ വീണ്ടെടുക്കാവുന്ന ഭൂമിയുടെ പരിധിയിൽ കവിയാൻ പാടില്ല, സ്വമേധയായുള്ള വിട്ടൊഴിയൽ മൂലം ഏറെറടുക്കാവുന്ന ഭൂമിയെന്നു് മൈസൂരിൽ നിയമമുണ്ടു്. പശ്ചിമബങ്കാളിൽ ബർഗദാരന്മാരെ (പങ്കുകാർ) നിയമത്തിനെതിരായോ റവന്യൂ അധികൃതരുടെ ഉത്തരവിന്നെതിരായോ പിരിച്ചയക്കുന്നപക്ഷം ഭൂമി മടക്കിക്കിട്ടാൻ അവർക്കു് അവകാശമുണ്ടു്.

## കുടിയാന്മാർക്കു് ഉടമസ്ഥാവകാശം

ജന്മിമാർക്കു് ഭൂമിയൊഴിപ്പിച്ചെടുക്കാൻ വ്യവസ്ഥയില്ലാത്ത പ്രദേശങ്ങളിൽ കുടിയാന്മാർക്കു് അവരുടെ കൃഷിഭൂമിയിൽ ഉടമസ്ഥാവകാശം നേടാൻ സൌകര്യമുണ്ടാക്കിക്കൊടുക്കുകയെന്നതാണു്

ഭൂവുടമപരിഷ്കരണത്തിൻെറ ലക്ഷ്യങ്ങളിലൊന്നു്. ഇങ്ങിനെ ഉടമസ്ഥാവകാശം സമ്പാദിക്കാൻ പ്രതിഫലമായി കൊടുക്കേണ്ടതു് പാട്ടത്തുകയുടെ ഇത്രയിരട്ടിയെന്നു നിശ്ചയിക്കുന്നതായിരിക്കും. അതു് പല തവണകളായി അടച്ചുതീർക്കേണ്ടതാണു്. പല സംസ്ഥാനങ്ങളിലും താഴെപ്പറയുന്ന നടപടിക്രമങ്ങൾ അംഗീകരിച്ചിരിക്കുന്നു:

1. ഉത്തർപ്രദേശ്, ഡെൽഹി, പശ്ചിമബങ്കാൾ എന്നിവിടങ്ങളിൽ കുടിയാന്മാരെ സർക്കാരുമായി നേരിട്ടുള്ള ബന്ധത്തിൽ കൊണ്ടുവന്നിരിക്കുന്നു. ഉത്തർപ്രദേശിൽ ഗവൺമെൻറു് കുടിയാന്മാരിൽനിന്നും നേരിട്ടു് പാട്ടം വാങ്ങുകയും അങ്ങിനെ കൂടുതൽ കിട്ടുന്ന നികുതിയിൽനിന്നും ഭൂവുടമസ്ഥർക്കു് പ്രതിഫലം നൽകുകയും ചെയ്യുന്നു. ഡെൽഹിയിൽ കുടിയാന്മാർ ഗവൺമേൻറിനു് ഭൂനികുതി കൊടുക്കുന്നതിനു പുറമെ ഭൂവുടമസ്ഥർക്കു്നഷ്ടപരിഹാരം നൽകുകകൂടി വേണം. പശ്ചിമബങ്കാളിൽ കുടിയാന്മാർക്കും (റയട്ട്) കീഴ്ക്കുടിയാന്മാർക്കും പാട്ടം വാങ്ങാനുണ്ടായിരുന്ന അവകാശങ്ങൾ നിറുത്തലാക്കുകയും യഥായോഗ്യം കീഴ്കുടിയാന്മാരോ അവരുടെ കുടിയാന്മാരോ പ്രത്യേകപ്രതിഫലം നൽകാതെ ഭൂവുടമസ്ഥരാകുകയും ചെയ്തിരിക്കുന്നു.

   ഹൈദ്രബാദിലെ ഭൂനിയമമനുസരിച്ചു് മുറപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ഭൂവുടമസ്ഥാവകാശം കുടിയാന്മാരിലേക്കു് കൈമാറുവാൻ ഗവൺമേൻറിനു് അധികാരം നൽകിയിരിക്കുന്നു. മുൻപറഞ്ഞ ഹൈദ്രബാദ് സംസ്ഥാനത്തിൽ ഏതാനും ജില്ലകളിൽ ഈ നിയമം നടപ്പാക്കിവരുന്നു.

2. ബോമ്പേയിൽ ജന്മിമാർക്കു് ഭൂമി വീണ്ടെടുക്കാൻ അനുമതി നൽകിയിട്ടില്ലാത്ത സ്ഥലങ്ങളിൽ കുടിയാന്മാർ ഒരു നിശ്ചിത പരിധിയിൽ കവിയാത്ത സ്ഥലത്തിൻെറ ഉടമസ്ഥാവകാശം നിശ്ചിതതീയതിക്കുള്ളിൽ വിലക്കു വാങ്ങേണ്ടതാണു്. അങ്ങിനെ ചെയ്യാത്ത കുടിയാന്മാരെ ഒഴിപ്പിക്കാവുന്നതാകുന്നു.

3. ചില സംസ്ഥാനങ്ങളിൽ ജന്മിമാർക്കു് തിരിച്ചെടുക്കാൻ പാടില്ലാത്ത സ്ഥലം, നിയമപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിഫലം തവണകളായി അടച്ചുതീർക്കാനുള്ള കരാറിൽ

വിലക്ക വാങ്ങാൻ കുടിയാന്മാക്ക് അവകാശം നൽകിയി ട്ടുണ്ട്. ഈ അവകാശം അവക്ക് സ്വമേധയാ ഉപയോഗി ക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്. ഏതാണ്ട് ഇതുപോലുള്ള നിയമങ്ങൾ പഞ്ചാബ്, രാജ സ്ഥാൻ, ഹിമാചൽപ്രദേശ്, മുൻപത്തെ ഹൈദ്രബാദ്, വിന്ധ്യപ്രദേശ് എന്നീ സ്ഥലങ്ങളിലും നടപ്പാക്കിയിട്ടുണ്ട്.

4. മററു ചില സംസ്ഥാനങ്ങളിൽ ജന്മിമാക്ക് കൈവശം വയ്ക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള പരിധിയിൽ കവിഞ്ഞുള്ള സ്ഥലത്ത് കൃഷിചെയ്യുന്ന കുടിയാന്മാക്ക് അതിൻെറ ഉട മസ്ഥാവകാശം നൽകുന്നു. ഉദാഹരണത്തിനു്, ആസ്സാമിൽ കീഴ്കുടിയാന്മാക്ക് ഇഷ്ടമുള്ളപക്ഷം ചില കരാറുകൾക്ക് വിധേയമായി മിച്ചഭൂമി വാങ്ങാവുന്നതാണ്. ജമ്മു-കാശ്മീ രിൽ മിച്ചഭൂമി ഇരുപതു് ഏക്കർ വരെ പ്രതിഫലം നൽ കാതെതന്നെ കുടിയാനവനു് ലഭിക്കും. പശ്ചിമബങ്കാളിൽ മിച്ചഭൂമിയിൽ പങ്കുകാക്ക് ഉടമസ്ഥാവകാശം നൽകുന്നു.

കുടിയാന്മാക്ക് സ്വമേധയാ ഭൂമി വാങ്ങുവാനുള്ള അവകാശം പല കാരണവശാലും ശരിയായി പ്രയോജനപ്പെട്ടത്തിയിട്ടില്ല. അതുകൊണ്ട് ജന്മിക്ക് ഭൂമി മടക്കിയെടുക്കാൻ പാടില്ലാത്ത സ്ഥ ലങ്ങളിലെ കുടിയാന്മാർ സക്കാരുമായി നേരിട്ട് ഏർപ്പാടുകൾ നട ത്തണമെന്നും വീണ്ടെടുക്കാൻ പാടില്ലാത്ത സ്ഥലങ്ങളിലെ കുടി യാന്മാരെ ഭൂവുടമസ്ഥരാക്കാൻ വേണ്ടിയുള്ള ഒരു പരിപാടി എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാക്കണമെന്നും രണ്ടാം പദ്ധതി യിൽ നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ കുടിയാന്മാർ വിലയിന ത്തിൽ അടയ്ക്കുന്ന വാർഷിക തവണത്തുകയും ഗവൺമേൻറിലേക്ക് നൽകുന്ന ഭൂനികുതിയും ചേന്നാൽ മയ്യാദപ്പാട്ടത്തിൽ, അതായതു് ഉൽപാദനത്തിൻെറ നാലിലൊന്നോ അഞ്ചിലൊന്നോ, കവിയാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

# 4. ഭൂപരിധിനിർണ്ണയം

നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഭൂദാഹം ശമിപ്പിക്കാൻ സമിന്ദാരി നിറുത്തലാക്കൽനിയമവും ഭൂവുടമപരിഷ്കരണനിയമവും കൊണ്ടുമാത്രം സാദ്ധ്യമാകുന്നതല്ല. ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികൾ കുറച്ചൊന്നുമല്ലാ നമ്മുടെ നാട്ടിലുള്ളത്. പേരിനു മാത്രം ഭൂമിയുള്ളവരുടെ സംഖ്യയും കുറവല്ല. അങ്ങിനെയുള്ള ബഹുലക്ഷം ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വ്യക്തികൾക്ക് കൈവശംവെച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കണമെന്നും ആ പരിധിയിൽ കവിഞ്ഞുള്ള ഭൂമി ഭൂമിയില്ലാത്ത കൃഷിക്കാർക്ക് വീതിച്ചുകൊടുക്കണമെന്നും ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. പരമാവധി "മൂന്നു് കുടുംബസ്വത്തു്" എന്നാണു് പരിധി നിർണ്ണയിച്ചിരുന്നതു്. കൈവശഭൂമിയുടെ പരിധി അടിയന്തിരമായി നിർണ്ണയിക്കുന്ന കാര്യത്തിനു് രണ്ടാം പദ്ധതിയിൽ ഏററവുമധികം പ്രാധാന്യം നൽകിയിരിക്കുന്നു. എന്നാൽ തേയിലത്തോട്ടം, റബ്ബർ തോട്ടം, പഞ്ചസാരഫാക്ടറികളുടെ വകയായുള്ള കരിമ്പിൻ തോട്ടങ്ങൾ, വമ്പിച്ച ചിലവിൽ സ്ഥിരമായ രീതിയിലുള്ള അഭിവൃദ്ധിപദ്ധതികൾ നടപ്പാക്കിയിട്ടുള്ളതും കാര്യക്ഷമമായ നിലയിൽ ഭരിക്കപ്പെട്ടുന്നതുമായ മററു ചില കൃഷിത്തോട്ടങ്ങൾ എന്നിവ പരിധിനിർണ്ണയത്തിൽനിന്നും ഒഴിവാക്കപ്പെടണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

പരിധി നിർണ്ണയിക്കുന്നതിൽ രണ്ടു വശങ്ങളുണ്ടു്. ഭാവിസമ്പാദ്യത്തിൽ പരിധി നിർണ്ണയിക്കുകയെന്നതും ഇപ്പോഴുള്ളതിൻെറ പരിധി നിർണ്ണയിക്കുകയെന്നതും. ഭാവിയിൽ വാങ്ങുന്ന ഭൂസ്വത്തിൻെറ പരിധി ആസ്സാമിൽ 50 ഏക്കറായും മുൻപത്തെ ബോമ്പെ സംസ്ഥാനത്തു് 12 മുതൽ 48വരെ ഏക്കറായും സൗരാഷ്ട്രയിൽ 60 മുതൽ 120 വരെ ഏക്കറായും ജമ്മു-കാശ്മീരിൽ ഇരുപത്തിമൂന്നേമുക്കാൽ ഏക്കറായും മദ്ധ്യഭാരത്പ്രദേശത്തു് 50 ഏക്കറായും പശ്ചിമബങ്കാളിൽ 25 ഏക്കറായും രാജസ്ഥാനിൽ 30 മുതൽ 90 വരെ ഏക്കറായും രാജസ്ഥാനിൽ 30 മുതൽ 90 വരെ ഏക്കറായും

മുൻപത്തെ ഹൈദ്രബാദ് സംസ്ഥാനത്തു് 12 മുതൽ 180 വരെ ഏക്കറായും പഞ്ചാബിലും ഡെൽഹിയിലും 30 സ്റ്റാൻഡാർഡ് ഏക്കറായും സ്ഥിരപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ കൈവശമുള്ള സ്വത്തിൻെറ പരിധി ആസ്സാമിൽ 50 ഏക്കറായും ജമ്മു-കാശ്മീരിൽ ഇരുപത്തിരണ്ടേമുക്കാൽ ഏക്കറായും പശ്ചിമബങ്കാളിൽ 25 ഏക്കറായും മുൻപത്തെ ഹൈദ്രബാദ് പ്രദേശത്തു് 18 മുതൽ 270 വരെ ഏക്കറായും പെപ്സുവിൽ 30 സ്റ്റാൻഡാർഡ് ഏക്കറായും നിണ്ണയിക്കപ്പെട്ടിട്ടുണ്ടു്.

മുമ്പത്തെ പഞ്ചാബ് പ്രദേശത്തു് 30 സ്റ്റാൻഡാർഡ് ഏക്കറിൽ കൂടുതൽ സ്വന്തം കൃഷിക്കു് കൈവശം വെച്ചിട്ടുള്ളവരുടെ പേരിൽ കൂടുതലുള്ളതെടുത്തു് ഭവനരഹിതരായ കർഷകക്കു് കൊടുക്കാൻ ഗവൺമേൻറിന്നു് അധികാരം നൽകിയിരിക്കുന്നു.

ജമ്മു-കാഷ്മീരിൽ ഇപ്പോൾ കൈവശമുള്ള ഭൂസ്വത്തിൽ പരിധി ഏർപ്പെടുത്തിയിട്ടുണ്ടു്. മിച്ചഭൂമിയിൽ കുടിയാന്മാക്കു് ഉടമസ്ഥാവകാശം നൽകിയിരിക്കുന്നു. മുൻപത്തെ ഹൈദ്രബാദ് സംസ്ഥാനത്തു് ചില തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ഈ നിയമം നടപ്പാക്കിവരുന്നു. ബോംബെയിൽ മറാത്തു്വാഡ പ്രദേശത്തു് അഞ്ചു ജില്ലകളിലേക്കു് ഈ നയം വ്യാപിപ്പിക്കുകയും ചെയ്തിരുന്നു. പശ്ചിമബംഗാളിൽ ഭൂപരിധി ഏപ്പെടുത്തുന്നതു സംബന്ധിച്ചു് ഒരു വിജ്ഞാപനം പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടു്. ഉടമസ്ഥാവകാശവും മററും സംബന്ധിച്ച രേഖകൾ തയാറാക്കി വരുന്നു. അതു പൂത്തിയായാൽ മിച്ചഭൂമി ഏറെറടുക്കുന്നതു് സംബന്ധിച്ച നടപടികളാരംഭിക്കാം. മദ്ധ്യവത്തികളുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ 15000 ഏക്കറോളം ഇതിനകം തന്നെ ഏറെറടുത്തു കഴിഞ്ഞിട്ടുണ്ടു്. ആസാമിൽ ഭൂനിയമം നടപ്പാക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. പഞ്ചാബിൽ നിശ്ചിതപരിധിയിലധികമുള്ള ഭൂസ്വത്തു് സംബന്ധിച്ചു് ഉടമസ്ഥർ സത്യവാങ്മൂലസഹിതം വിവരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി നീട്ടിക്കൊണ്ടുള്ള നിയമം പാസാക്കിയിരിക്കുന്നു.

കേരളത്തിൽ ഒരു കാഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടു്. ഇതിലും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 5 അംഗങ്ങളിൽ കവിയാത്ത ഒരു കുടുംബത്തിനു് ഇരുപ്പൂനിലമോ തെങ്ങിൻതോപ്പോ ആണെങ്കിൽ 15 ഏക്കറും ഒരുപ്പൂനിലമാണെങ്കിൽ

22½ ഏക്കറും മററു തരത്തിലുള്ള പറമ്പാണെങ്കിൽ 30 ഏക്കറും പരമാവധി കൈവശം വെയ്ക്കാമെന്നു ബില്ലിൽ കാണിച്ചിരിക്കുന്നു. കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളാണെങ്കിൽ 25 ഏക്കർ ഇരുപ്പു നിലമോ അതിനു തുല്യമായി മററു സ്ഥലമോ കൈവശം വയ്ക്കാവുന്നതാണ്.

ആന്ധ്രപ്രദേശത്ത് 20 ഏക്കറിൽ കൂടുതൽ സ്ഥലമുള്ളവർ അവരുടെ ആകെ ഭൂസ്വത്ത് സംബന്ധിച്ച കണക്ക് ഗവണ്മേൻറിലേക്ക് സമർപ്പിക്കാൻ ആവശ്യപ്പെടുന്ന നിയമം പാസ്സാക്കിയിട്ടുണ്ട്. പരിധി നിർണ്ണയിച്ചുകൊണ്ടുള്ള ഒരു ബില്ലും നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. മററു സംസ്ഥാനങ്ങളിൽ ഇത്തരം നടപടികൾ ആലോചനയിലിരിക്കുന്നു.

ഭൂപരിഷ്കരണം ഏർപ്പെടുത്തുന്നതിൽ വന്നുചേർന്ന അമാന്തം ചില വൈഷമ്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിയമത്തെ വെട്ടിക്കുവാനുള്ള ഗൂഢമാർഗ്ഗങ്ങൾ അവലംബിക്കാൻ ഭൂവുടമസ്ഥർക്ക് അതവസരമുണ്ടാക്കിക്കൊടുത്തു. അതുകൊണ്ടാണ് 1957 സെപ്ററംബറിൽ നടന്ന ദേശീയവികസനകൌൺസിലിലെ സ്റ്റാൻഡിങ്ങ് കമ്മിററി, ഇപ്പോൾ കൈവശമുള്ള ഭൂസ്വത്തിൻെറ കാര്യത്തിൽ പരിധി നിശ്ചയിക്കുന്ന നിയമങ്ങൾ പാസാക്കിയിട്ടുള്ള സംസ്ഥാനങ്ങൾ മൂന്നു വർഷത്തിനകം അതു നടപ്പിൽ കൊണ്ടുവരണമെന്ന് അഭിപ്രായപ്പെട്ടതു്. പരിധി നിർണ്ണയിച്ചുകൊണ്ടുള്ള നിയമങ്ങൾ പാസാക്കിയിട്ടില്ലാത്ത സംസ്ഥാനങ്ങൾ 1958-59 നകം നിയമനിർമ്മാണം നടത്തേണ്ടതാണ്. ഭാവിയിൽ വാങ്ങാൻപോകുന്ന ഭൂസ്വത്തിൻെറ പരമാവധി സംബന്ധിച്ച് നിയമം പാസാക്കപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ താമസിയാതെ തന്നെ നിയമം ഉണ്ടാക്കുന്നതാണ്. നിയമത്തെ മറികടക്കാൻ അനുവദിക്കാതിരിക്കത്തക്ക നടപടികൾ ചെയ്യണമെന്നും സ്റ്റാൻഡിങ്ങ് കമ്മിററി നിർദ്ദേശിച്ചിരിക്കുന്നു.

## ഭൂസ്വത്തും കൃഷിയും സംബന്ധിച്ച സെൻസസ്

കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതിനുവേണ്ടി ഭൂസ്വത്തും കൃഷിയും സംബന്ധിച്ച് ഒരു സെൻസസ് തയ്യാറാക്കണമെന്ന് ഒന്നാം പദ്ധതിയിൽ ശുപാർശ ചെയ്തിരുന്നു. താഴെപ്പറയുന്ന സ്ഥലങ്ങളിൽ അത്തരം സെൻസസ് എടുത്തിട്ടുണ്ട്. സെൻസസ് എടുത്ത രീതി ഓരോ സ്ഥലത്തും വിഭിന്നമായിരുന്നു.

ആന്ധ്രയിലും ബോംബേയിലും മദ്ധ്യപ്രദേശത്തും മദ്രാസിലും ഹൈദ്രാബാദിലും മദ്ധ്യഭാരതത്തിലും സൌരാഷ്ട്രത്തിലും അജ്മീരിലും ഭോപ്പാലിലും കച്ചിലും ഭൂസ്വത്തിൻെറ പൂൎണ്ണമായ കണക്കെടുപ്പു നടന്നു. പഞ്ചാബു്, പെപ്സു, മൈസൂർ, കുടകു്, ഡെൽഹി, ഹിമാചൽ പ്രദേശ്, വിന്ധ്യ പ്രദേശ് എന്നിവിടങ്ങളിൽ 10 ഏക്കറും അതിൽ കൂടുതലും ഉള്ള ഭൂസ്വത്തു് സംബന്ധിച്ച കണക്കേ എടുക്കുകയുണ്ടായുള്ളു. ഉത്തർ പ്രദേശ്, ബീഹാർ, ഒറീസ, രാജസ്ഥാൻ, തിരുവിതാംകൂർ-കൊച്ചി എന്നിവിടങ്ങളിൽ ചില പ്രദേശങ്ങളിൽ മാത്രം മാതൃകാ സെൻസസ് നടത്തി. ആസാം, പശ്ചിമബംഗാൾ, ജമ്മു-കാഷ്മീർ, മണിപ്പൂർ, ത്രിപുര എന്നിവിടങ്ങളിൽ സൎവ്വേ നടത്തിയിട്ടില്ല. ആസാമിലും പശ്ചിമബംഗാളിലും നേരത്തേതന്നെ സ്ഥിതിവിവരക്കണക്കുകൾ സംഭരിച്ചിരുന്നതുകൊണ്ടു് അതിൻെറ അടിസ്ഥാനത്തിൽ പരിധിനിൎണ്ണയം സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കപ്പെട്ടു. ജമ്മു-കാഷ്മീരിൽ നേരത്തെത്തന്നെ പരിധി നിൎണ്ണയിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു് പുതിയ സെൻസസിൻെറ ആവശ്യമുണ്ടായില്ല. മണിപ്പൂരിലും ത്രിപുരയിലും സെൻസസ്സെടുക്കാൻ പരിശീലനം സിദ്ധിച്ച വ്യക്തികൾ കുറവായിരുന്നതുകൊണ്ടും മററു് അസൌകൎയ്യങ്ങൾകൊണ്ടും അതു പ്രായോഗികമായിട്ടില്ല.

സെൻസസ് മുഖേന സംഭരിക്കാൻ കഴിഞ്ഞ സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാന ഗവൺമേൻറുകളുടെ പരിഗണനയിലിരിക്കുകയാണു്. അതു മുൻനിൎത്തിയായിരിക്കും ഭൂസ്വത്തിൻെറ പരിധി നിൎണ്ണയിക്കുന്നതു്.

# 5. കാർഷികപുനഃസംവിധാനം

ഭൂവിതരണം നടപ്പാക്കുന്നതുകൊണ്ടു മാത്രം ഉൽപാദനം വികസിപ്പിക്കാനോ ഗ്രാമീണജനതയുടെ ജീവിതത്തോതു് ഉയർത്താനോ സാദ്ധ്യമല്ല. ഭൂമിയും മൂലധനവും അദ്ധ്വാനവും ശരിക്കുപയോഗിക്കുന്നതും ഉൽപാദനം വർദ്ധിപ്പിക്കാനുപകരിക്കുന്നതും കൂടുതൽ വരുമാനവും തൊഴിലും ഉണ്ടാക്കുന്നതുമായ ഒരു പദ്ധതി രൂപീകരിക്കേണ്ടതാണാവശ്യം. നാലു മാർഗ്ഗത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാനാണുദ്ദേശിക്കുന്നതു്.

1. ചെറു തുണ്ടുഭൂമികൾ പരസ്പരം കൈമാററം നടത്തി ഏകീകരിക്കുക.
2. ഭൂഭരണം കൂടുതൽ കാര്യക്ഷമമാക്കത്തക്കവിധം നിയമനിർമ്മാണം നടപ്പാക്കുക.
3. സഹകരണാടിസ്ഥാനത്തിൽ കൃഷി നടപ്പാക്കുക.
4. ഗ്രാമത്തിലെ ഭൂഭരണം സഹകരണാടിസ്ഥാനത്തിലാക്കുക.

## ചെറു തുണ്ടുഭൂമികളുടെ ഏകീകരണം

തുണ്ടുതുണ്ടായി പലരുടെ കൈവശമിരിക്കുന്ന ഭൂമി പരസ്പരം കൈമാറിയും മററും ഏകീകരിച്ചു് കൃഷിക്കു് കൂടുതൽ സൌകര്യപ്പെടുത്തേണ്ടിയിരിക്കുന്നു. ദൂരസ്ഥലങ്ങളിൽ അങ്ങുമിങ്ങും കിടക്കുന്ന ഭൂമി ഉടമസ്ഥർ കൈമാറി തൊട്ടുതൊട്ടുള്ള സ്ഥലങ്ങൾ പകരം സ്വീകരിക്കുന്നതായാൽ അതു് കൃഷിക്കു് കൂടുതൽ പ്രയോജനകരമായിരിക്കും. ഇങ്ങനെ ഒരു പ്രസ്ഥാനം പല സ്ഥലങ്ങളിലും വളരെക്കാലം മുമ്പുതന്നെ ആരംഭിച്ചു. ഒന്നാം പദ്ധതിക്കാലത്തു് മദ്ധ്യപ്രദേശ്, ബോംബേ, പെപ്സു ഉൾപ്പെടെയുള്ള പഞ്ചാബു്, ഉത്തർപ്രദേശ്; ഡെൽഹി എന്നിവിടങ്ങളിൽ ഈ പ്രസ്ഥാനം വളരെയധികം പുരോഗമിക്കുകയും ചെയ്തു.

രണ്ടാം പദ്ധതിയിൽ ഭൂമിയുടെ ഏകീകരണം കാർഷികോല്പാദന പരിപാടിയുടേയും ദേശീയവികസന സർവീസിൻേറയും സാമൂഹ്യപദ്ധതിയുടേയും അവിഭാജ്യഘടകമായി ഉൾക്കൊള്ളിക്കപ്പെട്ടി

രിക്കുന്നു. പദ്ധതിക്കാലത്തു തന്നെ നാട്ടിലൊട്ടാകെ ഈ പരിപാടി വ്യാപിപ്പിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് തെരഞ്ഞെടുക്കപ്പെട്ട ചില സ്ഥലങ്ങളിൽ മാത്രം അതു് നടപ്പാക്കണമെന്നു് രണ്ടാം പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു.

1. ജലസേചനം ലഭിക്കാൻ ഇടയുള്ള സ്ഥലങ്ങളും
2. ഇപ്പോൾത്തന്നെ ജലസേചന സൌകര്യമോ വേണ്ടത്ര മഴയോ ഉള്ള സ്ഥലങ്ങളും
3. ദേശീയവികസനസർവ്വീസിലും സാമൂഹ്യപദ്ധതിയിലും പെട്ട സ്ഥലങ്ങളുമാണു് ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്.

താലൂക്കുകൾ, തഹശീലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വേണം ആദ്യം ഏകീകരണ പരിപാടി നടപ്പാക്കേണ്ടതെന്നു് നേരത്തെ സംസ്ഥാനങ്ങൾക്കു് നിർദ്ദേശം നൽകിയിരുന്നു. ഏകീകരണത്തിനു് വേണ്ടിവരുന്ന സമയം കഴിയുന്നതും കുറയ്ക്കത്തക്കവിധം റവന്യൂ ഉദ്യോഗസ്ഥന്മാർ നികുതി സംബന്ധിച്ച പ്രമാണങ്ങൾ സൂക്ഷിക്കുന്നതിലും പ്രാഥമിക നടപടികൾ കൈക്കൊള്ളുന്നതിലും മററും പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നു് ശുപാർശ ചെയ്യപ്പെട്ടിരുന്നു. ഈ പ്രസ്ഥാനത്തിൽ ജനങ്ങളുടെ പൂർണ്ണമായ സഹകരണം നേടുക, പ്രവർത്തകക്കു വേണ്ട പരിശീലനം നല്കുക, സംഘടനാപരമായ ഏർപ്പാടുകൾ നടപ്പാക്കുക, എന്നീ കാര്യങ്ങളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്.

ഏകീകരണ പദ്ധതിക്കു് പ്രോത്സാഹനം നല്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമേൻറുകൾ അത്തരം പരിപാടികൾക്കു് വേണ്ടി ചിലവാക്കുന്ന തുകയിൽ 50 ശതമാനം (ആകെ ചിലവിൻെറ 25 ശതമാനംവരെ) കേന്ദ്രഗവൺമേൻറിൽനിന്നും സഹായധനമായി നൽകാമെന്നു് 1957 മേയിൽ സമ്മതിക്കുകയുണ്ടായി. രണ്ടാം പദ്ധതിയിൽ ഈ പരിപാടികൾക്കു വേണ്ടി സംസ്ഥാന ഗവൺമേൻറുകൾ 382 ലക്ഷം രൂപ ചിലവാക്കാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ കാലത്തു് 380 ലക്ഷം ഏക്കർ സ്ഥലത്തു് പ്രവർത്തനം നടക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

ഭൂമി തുണ്ടുതുണ്ടായി ഭാഗിക്കുന്നതു് തടയുവാനുള്ള നിയമം ബോംബേ, പഞ്ചാബു്, (പെപ്സു ഉൾപ്പെടെ) ഡെൽഹി എന്നിവിടങ്ങളിൽ ഒന്നാം പദ്ധതി ആരംഭിക്കുന്നതിനു മുമ്പു തന്നെ നടപ്പാക്കിയിരുന്നു. ഒന്നാം പദ്ധതിആരംഭിച്ച ശേഷം ഒരു നിശ്ചിത

പരിധിയിൽ താഴെ ഭൂമി ഭാഗിക്കുകയോ കൈമാറുകയോ ചെയ്യുന്നതു് തടഞ്ഞുകൊണ്ടുള്ള നിയമങ്ങൾ ബീഹാർ, ഒറീസ, രാജസ്ഥാൻ, മുൻപത്തെ ഹൈദ്രാബാദ്, സൌരാഷ്ട്ര തുടങ്ങിയ പ്രദേശങ്ങളിലും നടപ്പാക്കുകയുണ്ടായി.

## ഭൂഭരണം

ഒരാളുടെ കൈവശമുള്ള ഭൂമി എത്ര വലുതായാലും ചെറുതായാലും അതിൻെറ ഭരണം കാര്യക്ഷമമായിരിക്കേണ്ടതാവശ്യമാണ്. ഭൂമി ഏററവും കാര്യക്ഷമമായും അങ്ങേയററം ഫലപ്രദമായും ഉപയോഗിക്കുന്നതിനു് ഉതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തണമെന്നു് ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. ഇത്തരം നിയമങ്ങൾ കാര്യക്ഷമമായ ഭൂഭരണത്തിനു് സഹായകമാകണമെന്നാണ് ലക്ഷ്യം. ഇതിനുവേണ്ട പ്രേരണകളും സൌകര്യങ്ങളും കണ്ടെത്താൻ കഴിയുന്ന ഗ്രാമപ്രദേശങ്ങളിലായിരിക്കണം ഇത്തരം നിയമങ്ങൾ ആദ്യമായി നടപ്പാക്കേണ്ടതെന്നും നിർദ്ദേശിക്കപ്പെട്ടു.

## സഹകരണാടിസ്ഥാനത്തിലുള്ള കൃഷി

പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മറെറാരു ഏകീകരണമാർഗ്ഗമാണ് സഹകരണാടിസ്ഥാനത്തിലുള്ള കൃഷി. ഭൂമിയും വിഭവശേഷികളും സംയോജിപ്പിച്ചു് കൃഷകർ സംയുക്ത പരിശ്രമം കൊണ്ടു് കൃഷി നടത്തുവാനുള്ള പരിപാടിയാണിതു്. "ജനാധിപത്യസമ്പ്രദായത്തിൽ സാമ്പത്തിക പുരോഗതി കൈവരുത്തുവാനുദ്ദേശിക്കുന്ന അവികസിതരാജ്യങ്ങളിലെ പുതുക്കിയ ഭൂവുടമസമ്പ്രദായത്തിനു് ഏററവും യോജിക്കുന്ന ഒന്നാണ് സഹകരണാടിസ്ഥാനത്തിലുള്ള കൃഷി" എന്നു് സഹകരണാടിസ്ഥാനത്തിലുള്ള ഗ്രാമീണപുരോഗതിയെ സംബന്ധിച്ച യുണൈറഡ് നേഷൻസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതേ കാരണം കൊണ്ടു തന്നെയാണ് സഹകരണ കൃഷിസംഘങ്ങൾ രൂപീകരിച്ചു് കൂട്ടുചേർന്നു് പ്രവർത്തിക്കാൻ ഭാരതത്തിലെ ചെറുകിട കൃഷകർക്കും ഇടത്തരം കൃഷിക്കാർക്കും വേണ്ട പ്രോത്സാഹനം നൽകണമെന്ന് ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നതും. ഈ പ്രസ്ഥാനത്തെ സഹായിക്കാൻ വേണ്ടി അത്തരം സഹകരണസംഘങ്ങൾക്കു് ഗവൺമെൻറിൽനിന്നു് സാമ്പത്തിക സഹായങ്ങൾ നൽകി. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ സന്നദ്ധരായവർക്കു് ഭൂമി

കുതി, ആദായനികുതി എന്നിവയിൽ പല സൌജന്യങ്ങൾ അനു വദിച്ചുകൊടുക്കുകയും ചെയ്യു. ചില സംസ്ഥാനങ്ങളിൽ ഏതെങ്കിലും സ്ഥലത്തെ കൃഷകരിൽ ഭൂരിപക്ഷം ആളുകളും സഹരിച്ചു കൃഷി ചെയ്യാൻ സന്നദ്ധരായാൽ ആ പദ്ധതി നിർബന്ധപൂർവ്വം നടപ്പാക്കാനുള്ള വ്യവസ്ഥപോലും ചെയ്തിരുന്നു. ഇതൊക്കെയായിട്ടും ഉദ്ദേശിച്ച രീതിയിലുള്ള പുരോഗതി ഉണ്ടായില്ല. ഒന്നാം പദ്ധതിയുടെ അവസാനകാലത്തു് 1397 സഹകരണ കൃഷിസംഘങ്ങളാണു് ഭാരതത്തിലുണ്ടായിരുന്നതു്. ഇതിൽ 342 എണ്ണം ബോംബെയിലും 289 പഞ്ചാബിലും 168 ഉത്തർപ്രദേശത്തും 76 രാജസ്ഥാനിലും 75 പശ്ചിമബംഗാളിലും 58 പെപ്സുവിലും ആയിരുന്നു. പൊതുവേ പറഞ്ഞാൽ, രണ്ടു വിധത്തിലുള്ള സംഘങ്ങളായിരുന്നു ഇവ. ഭൂവുടമസ്ഥർ ചേർന്നുണ്ടാക്കിയവ ഒരു വകയും ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികളുടെ താല്പര്യത്തിനുവേണ്ടി ഉണ്ടാക്കിയവ മററുള്ളതും.

രണ്ടാം പദ്ധതിക്കാലത്തു് സഹകരണാടിസ്ഥാനത്തിലുള്ള കൃഷിക്കു് അടിയന്തിരപ്രാധാന്യം നൽകാനിടയാക്കിയ മററു ചില കാര്യങ്ങൾകൂടിയുണ്ടു്. കാർഷികോല്പാദനം അങ്ങേ അററം വർദ്ധിപ്പിക്കേണ്ടതു് പരമപ്രധാനമായ ഒരാവശ്യമായിത്തീർന്നു. ഗ്രാമീണരുടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടതും അവരുടെ അദ്ധ്വാനശക്തി കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതും വേറൊരു അടിയന്തിരപ്രശ്നമാണു്. അതുകൊണ്ടു് വലിയൊരു പങ്കു് കൃഷിസ്ഥലത്തു് മൂന്നാം പദ്ധതിയുടെ അവസാനത്തിനു മുമ്പായി സഹകരണാടിസ്ഥാനത്തിൽ കൃഷി നടപ്പാക്കേണ്ടതാണെന്നു് രണ്ടാം പദ്ധതിയിൽ നിർദ്ദേശിക്കുകയുണ്ടായി. ഭൂപരിധി നിർണ്ണയിക്കുന്നതുകൊണ്ടു് കിട്ടുന്ന മിച്ചഭൂമിയും ഗവൺമേൻറു വക സ്ഥലങ്ങളും ഗ്രാമദാനപ്രദേശങ്ങളും ആദിവാസിപ്രദേശങ്ങളും മററും സഹരണകൃഷി നടപ്പാക്കാനുള്ള സ്ഥലങ്ങളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

സഹകരണസംഘങ്ങളുടെ രൂപീകരണത്തിൽ സംസ്ഥാന ഗവൺമേൻറിൻെറ സഹായം കൂടുതൽ കൂടുതലായി ലഭിച്ചുകൊണ്ടിരിക്കും. സഹകരണാടിസ്ഥാനത്തിലുള്ള കൃഷി ഏതു രൂപത്തിൽ വേണം എന്നതു സംബന്ധിച്ചു് വിശദാംശങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ശരിയായ ആസൂത്രണത്തോടുകൂടി പല പരീക്ഷണങ്ങളും നടത്തി ഭാരതത്തിനു് ഏററവും യോജിച്ചതെന്നു് ബോദ്ധ്യമാകുന്ന ഒരു സഹകരണകൃഷി സമ്പ്രദായം അംഗീകരി

ക്കണമെന്നതാണ് ഇപ്പോഴത്തെ ലക്ഷ്യം. പ്രവത്തകർക്ക് പരിശീലനം നൽകുന്നതിനും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കാര്യക്ഷമമായ പ്രവത്തനക്രമങ്ങൾ രൂപീകരിക്കുന്നതിനും പരിപാടികൾ കൈക്കൊള്ളുന്നതായിരിക്കും.

ഓരോ ദേശീയ വികസനസവ്വീസ് ബ്ളോക്കിലും സാമൂഹ്യ പദ്ധതിപ്രദേശത്തും പരീക്ഷണാത്ഥം സഹകരണകൃഷിപരിപാടി ഏർപ്പെടുത്തണമെന്ന് രണ്ടാം പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇവ സഹകരണ കൃഷിപ്രവത്തകക്കും മററു വികസനപ്രവത്തകന്മാക്കും പ്രായോഗിക പരിശീലനകേന്ദ്രങ്ങളായി തീരത്തക്കവിധം വികസിപ്പിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇങ്ങിനെ ഏതാനും സഹകരണകൃഷിസംഘങ്ങൾ വിജയിപ്പിക്കുകയും പ്രായോഗിക പരിശീലനകേന്ദ്രങ്ങളായി അവയെ വികസിപ്പിക്കുകയും ചെയ്യുന്നതുമൂലം ചുരുങ്ങിയ ഒരു കാലത്തിനുള്ളിൽ അനവധി പരിപാടികൾ നടപ്പാക്കുന്നതുകൊണ്ടുണ്ടാകുന്നതിനേക്കാൾ കവിഞ്ഞ പ്രയോജനം ഉണ്ടാകും. രണ്ടാം പദ്ധതിയിൽ ഇനി ബാക്കിയുള്ള കാലത്ത് ഇത്തരം 3000 സഹകരണസംഘങ്ങൾ പരീക്ഷണാത്ഥം നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## ഗ്രാമഭൂമി

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് മുഖേന ഓരോ ഗ്രാമവും ഓരോ വികസനപരിപാടി തയാറാക്കുകയും ഗ്രാമത്തിലെ ഭൂമി മുഴവൻ വിശാലമായ ഒരൊററ കൃഷിസ്ഥലം എന്ന നിലക്ക് പ്രയോജനപ്രദമായി ഉപയോഗിക്കുകയും ചെയ്യണം. ഇതാണ് രണ്ടാം പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യം. ഇങ്ങനെ വരുമ്പോൾ ഗ്രാമത്തിലെ ഭൂമി മുഴവൻ ഏററവും കാര്യക്ഷമമായ നിലയിൽ ഉപയോഗിക്കപ്പെടും. സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കാൻ അതു് ഉപകരിക്കുകയും ചെയ്യും. മാത്രവുമല്ല, ഭൂമിയുള്ളവക്കും ഭൂമിയില്ലാത്തവക്കും തമ്മിൽ സാമൂഹ്യമായും സാമ്പത്തികമായും ഇപ്പോഴുള്ള വലിപ്പച്ചെറുപ്പങ്ങൾ കുറയാനും അതു സഹായിക്കും. അനതിദൂരമായ ഭാവിയിൽ ഓരോ ഗ്രാമസമൂഹത്തിനും സ്വന്തമായി, അതേ സമയം അയലത്തുള്ള പട്ടണങ്ങളുടെ സാമ്പത്തിക ജീവിതത്തോടു് അടുത്തു ബന്ധപ്പെട്ട, ഒരു സാമ്പത്തിക സാമൂഹ്യഘടന ഉണ്ടായിവരും. ഗ്രാമത്തിലെ ഭൂമി മുഴവൻ ഒരുമിച്ച് ഭരിക്കുകയെന്ന ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ

പിന്നെ കൃഷി, വാണിജ്യം, ഗ്രാമവ്യവസായങ്ങൾ തുടങ്ങിയവയിൽ നിന്നുണ്ടാകുന്ന വരുമാനങ്ങൾ സഹകരണാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ ഉല്പാദനവർദ്ധനവിനും തൊഴിലുകളുണ്ടാക്കുന്നതിനും വേണ്ടി വിനിയോഗിക്കപ്പെടുമെന്നതിൽ സംശയമില്ല. മഹാത്മാ ഗാന്ധി നിർദ്ദേശിച്ചതും സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തുകളാൽ ഭരിക്കപ്പെടുന്നതുമായ ഗ്രാമസ്വരാജ് കൈവരുത്താനുള്ള ഒരു മാർഗ്ഗമാണിത്.

# 6. ഭൂമിയില്ലാത്ത കർഷകർക്ക് ഭൂമി നൽകുക

ഭാരതത്തിൽ വ്യവസായത്തൊഴിലാളികളുടെ രക്ഷയ്ക്കാവശ്യമായ നടപടികൾ 1950-51 മുതൽ തന്നെ കൈക്കൊള്ളാൻ തുടങ്ങിയെങ്കിലും കർഷകത്തൊഴിലാളികളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുള്ള സംരംഭങ്ങളൊന്നും നടന്നിരുന്നില്ല. കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽ മൂന്നിലൊന്നു ഭാഗത്തോളം ഇത്തരം തൊഴിലാളികളാണ്. 1950-ൽ നിയമിച്ച കാർഷികബന്ധ പരിഷ്കരണ സമിതി ഇങ്ങിനെ അഭിപ്രായപ്പെടുകയുണ്ടായി. "ഇതുവരെ ചെയ്തുവന്നിരുന്നതുപോലെ കാർഷികബന്ധനിയമങ്ങളിൽ കൃഷിത്തൊഴിലാളികളുടെ പ്രശ്നം ഉൾക്കൊള്ളിക്കാതിരിക്കുന്നതു് രാജ്യത്തെ കാർഷികവ്യവസ്ഥയിൽ രൂക്ഷമായ ഒരു വ്രണം അവഗണിച്ചിട്ടിരിക്കുന്നതിനു തുല്യമാണ്."

ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളുടെ നന്മക്കുവേണ്ടി നമ്മുടെ പഞ്ചവത്സരപദ്ധതിയിൽ പല പരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നു. പുതുതായി തെളിച്ചെടുത്തതും കൃഷിയോഗ്യവുമായ തരിശുഭൂമി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുക്കണമെന്നു് ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ചു് ഭോപാലിൽ ഒരു യന്ത്രവൽകൃത കൃഷിപദ്ധതി ഏറ്റെടുത്തുകയുണ്ടായി. ഉത്തർപ്രദേശത്തിലെ ഖേരി, പിലിഭിത്തു് എന്നീ ജില്ലകളിലും പുതിയ കോളനികൾ ആരംഭിച്ചു.

രണ്ടാം പദ്ധതിക്കാലത്തു് ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികളെ അധിവസിപ്പിക്കുന്നതിനുവേണ്ടി ഓരോ സംസ്ഥാനവും സ്വന്തമായി പരിപാടികൾ രൂപീകരിക്കുകയാണ്. ഭൂസ്വത്തിനു് പരിധി ഏർപ്പെടുത്തുന്നതുമൂലം ലഭിക്കുന്ന മിച്ചസ്ഥലങ്ങളും ഭൂദാനപ്രസ്ഥാനം മുഖേനയും പുതുതായി ഭൂമി തെളിച്ചെടുക്കുന്നതുമൂലവും ലഭിക്കുന്ന ഭൂമിയും തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തും. എന്നാൽ ഇങ്ങനെ വിതരണം ചെയ്യാവുന്ന ഭൂമി വളരെയധികം ഇല്ലാത്തതുകൊ

ണ്ടു് പ്രശ്നത്തിനു് ഇതു് ഒരു ഭാഗികമായ പരിഹാരം മാത്രമേ ആകുകയുള്ളൂ. അതുകൊണ്ടു് അത്തരം തൊഴിലാളികളെ സംഘടിപ്പിച്ചു് നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ട തൊഴിൽ സഹകരണസംഘങ്ങളുണ്ടാക്കിയും ധാരാളം കുടിൽവ്യവസായങ്ങൾ ഏർപ്പെടുത്തിയും അവരെ സഹായിക്കാനാണു് ഉദ്ദേശിക്കുന്നതു്.

കൃഷികത്തൊഴിലാളികൾക്കു് വേണ്ടിയുള്ള പദ്ധതിയുടെ കാര്യത്തിൽ വേണ്ട ഉപദേശം നൽകുന്നതിനും പ്രവർത്തനപുരോഗതി കൂടെക്കൂടെ പരിശോധിച്ചുകൊണ്ടിരിക്കുന്നതിനും ഓരോ സംസ്ഥാനത്തിലും പ്രത്യേക ബോർഡുകൾ ഏർപ്പെടുത്തണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളികളുടെ നന്മയ്ക്കു വേണ്ട പരിപാടികൾ സംബന്ധിച്ച നയം, സംഘടനാപ്രശ്നങ്ങൾ, തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു് ആലോചിക്കുന്നതിനു് ഒരു കേന്ദ്ര ബോർഡും രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

# 7. ഭൂദാനപ്രസ്ഥാനം

ആചാര്യ വിനോബാഭാവേ ആവിഷ്കരിച്ചതും അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നടന്നുവരുന്നതുമായ ഭൂദാനപ്രസ്ഥാനം സർവ്വോദയാദർശങ്ങൾക്കനുസരിച്ച് ഒരു സാമൂഹ്യപരിവർത്തനമുണ്ടാക്കുന്നതിനുള്ള അനൌദ്യോഗികപ്രസ്ഥാനമാണ്. ഭൂവുടമസ്ഥന്മാർ തങ്ങളുടെ സ്വത്തിൽ ഒരു പങ്ക് സ്വമനസ്സാലെ ഭൂമിയില്ലാത്തവർക്കു വേണ്ടി സംഭാവന ചെയ്യണമെന്ന തത്വമാണ് ഈ പ്രസ്ഥാനത്തിൻെറ പിന്നിലുള്ളത്. മുഴുവൻ സ്വത്തും ഗ്രാമസമുദായത്തിനു വേണ്ടി സംഭാവന ചെയ്യുകയെന്ന ആശയവും ഇതിലടങ്ങുന്നു.

ഭൂവുടമസ്ഥൻ സ്വന്തം ഭൂമിയുടെ ആറിലൊരു ഭാഗം ഭൂമിയില്ലാത്തവർക്കു വിതരണം ചെയ്യാൻവേണ്ടി സംഭാവന ചെയ്യണമെന്ന തത്വമാണ് ഭൂദാനപ്രസ്ഥാനം വ്യാപകമായ തോതിൽ ഇപ്പോൾ പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ളത്. വൻകിട ജന്മിമാരും ചെറുകിട ഭൂവുടമസ്ഥന്മാരും സ്വമനസ്സാലെ ഇങ്ങനെ ഭൂദാനം ചെയ്യുന്നുണ്ട്. എന്നാൽ ദാനം നൽകിയശേഷം ഒരു ചെറുകിട ഭൂവുടമസ്ഥൻെറ കയ്യിൽ വളരെ കുറച്ചു സ്ഥലം മാത്രമേ മിച്ചം വരുന്നുള്ളുവെങ്കിൽ ഭൂമി വിതരണം ചെയ്യുന്ന സമയത്ത് അയാൾക്കു കുറെ സ്ഥലംകൂടി ലഭിക്കുന്നതായിരിക്കും.

ഈ പ്രസ്ഥാനം ഭൂമിയുടെ കാര്യത്തിൽ മാത്രമല്ല പ്രവർത്തിക്കുന്നത്. ഭൂദാനംപോലെതന്നെ സമ്പത്തിദാനവും ബുദ്ധിദാനവും, ജീവൻദാനവും നടപ്പാക്കിയിട്ടുണ്ട്. പണവും സാധനസാമഗ്രികളും അദ്ധ്വാനവും കഴിവും സംഭാവന നൽകുന്നതുമൂലം സാമൂഹ്യവും സാമ്പത്തികവുമായ പുതിയ ചലനങ്ങൾ ഉളവാകുന്നു. അത് ഭൂദാനപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തകരെ സൃഷ്ടിക്കും; വിഭവശേഷികളും മററു സാഹചര്യങ്ങളും ഉണ്ടാക്കാൻ സഹായകമാകുകയും ചെയ്യും.

ഭൂദാനപ്രസ്ഥാനം വളർന്ന് ഗ്രാമദാനപ്രസ്ഥാനമായി രൂപം പ്രാപിച്ചിരിക്കുന്നു. ഗ്രാമങ്ങൾ ഒന്നോടെ തന്നെ ദാനം ചെയ്യുന്നതിനാണ് ഗ്രാമദാനം എന്ന് പറയുന്നത്. ഭൂമി മുഴുവൻ സമുദാ

യത്തിന് ഒരുപോലെ അവകാശപ്പെട്ടതായിരിക്കണമെന്നും ഗ്രാമീണർ വലിയൊരു കൂട്ടുകുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞുകൂടണമെന്നുമുള്ള ആദർശമാണ് ഗ്രാമദാനപ്രസ്ഥാനത്തിൻെറ പിന്നിലുള്ളത്. ഗ്രാമത്തിൻെറ പൊതുവായ സാമ്പത്തികഭദ്രതയ്ക്കും ഗ്രാമീണകുടുംബങ്ങളുടെ മുഴുവൻ പൊതുക്ഷേമത്തിനും വേണ്ടി ഗ്രാമസമുദായം കൂട്ടുചുമതല ഏറ്റെടുത്തു പ്രവർത്തിക്കുകയെന്നതാണ് ലക്ഷ്യം. വിശാലമായ സഹകരണാടിസ്ഥാനത്തിൽ വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാദ്ധ്യമാകും.

ഒന്നാം പഞ്ചവൽസരപദ്ധതിയിൽ ഭൂദാനപ്രസ്ഥാനത്തിൻെറ പ്രാധാന്യം അംഗീകരിച്ചിരുന്നു. കർഷകത്തൊഴിലാളികളുടെ പുരോഗതിക്ക് കൂടുതൽ സന്ദർഭങ്ങളുണ്ടാക്കിക്കൊടുക്കേണ്ടതിൻെറ ആവശ്യകത രണ്ടാം പദ്ധതിയിൽ ഊന്നിപ്പറയുകയും അവർക്ക് ഭൂമി നൽകാനുള്ള വിശദപരിപാടികൾ ഓരോ സംസ്ഥാനവും പ്രത്യേകമായി രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഭൂദാനപ്രസ്ഥാനം വഴി ലഭിക്കുന്ന ഭൂമിയും ഇത്തരം പരിപാടികളിൽ ഉൾപ്പെടുത്തുന്നതാണ്. കർഷകത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രവർത്തകരെ ഏർപ്പെടുത്തുന്നുണ്ട്. ഇതോടനുബന്ധിച്ച വികസനപരിപാടികൾക്ക് ആവശ്യമായ തുക കൃഷി, ദേശീയവികസനസർവ്വീസ്, സാമൂഹ്യപദ്ധതി, ഗ്രാമവ്യവസായങ്ങൾ എന്നീ പരിപാടികൾക്കുവേണ്ടി പഞ്ചവത്സരപദ്ധതിയിൽ നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നു് ലഭിക്കുന്നതുമായിരിക്കും.

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ സഹകരണാടിസ്ഥാനത്തിലുള്ള പുരോഗതിയിൽ ഗ്രാമദാനപ്രസ്ഥാനം സുപ്രധാനമായൊരു കാൽവയ്പാണെന്നു് രണ്ടാം പദ്ധതിയിൽ പറഞ്ഞിരിക്കുന്നു. ഗ്രാമദാനപ്രദേശങ്ങളുടെ പുരോഗതിയിലുണ്ടാകുന്ന വിജയം നാട്ടിൻെറ മററു ഭാഗങ്ങളിലും സഹകരണഗ്രാമവികസനത്തിന് പ്രചോദനം നൽകുന്നതായിരിക്കും. സഹകരണ കൃഷിസംഘങ്ങൾക്ക് നൽകപ്പെടുന്ന പ്രത്യേകസഹായങ്ങൾ സഹകരണപ്രവർത്തനങ്ങൾക്ക്, വിശേഷിച്ചും ലഭിക്കുന്നതാണ്. രണ്ടു സംഗതികൾകൂടി എടുത്തു പറയേണ്ടിയിരിക്കുന്നു. ഇത്തരം ഗ്രാമങ്ങളിൽ ഭൂനികുതി പിരിക്കുന്നതു് ഗ്രാമപഞ്ചായത്തുകൾ മുഖേനയായിരിക്കും എന്നതാണ് ഒന്ന്. കൂടാതെ സമുദായം നൽകുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലോ ഗ്രാമഭൂമിയിൽ ഓരോരുത്തർക്കുമുള്ള ഓഹരി

യുടെ അടിസ്ഥാനത്തിലോ വ്യക്തികൾക്ക് വായ്പയും മറ്റ് സഹായങ്ങളും നൽകുന്നതാണ്. ഭൂനികുതിയും സഹകരണവും സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിൽ ഭൂവുടമസ്ഥത വ്യക്തിയിൽനിന്നും സഹകരണസംഘങ്ങളിലേക്ക്, സമുദായത്തിലേക്ക്, പരിവർത്തനം ചെയ്യിക്കുന്നതിനു് ആവശ്യമായ മാററങ്ങൾ വരുത്തുന്നതാണ്.

ഈ പ്രസ്ഥാനത്തിന്റെ പ്രയോജനങ്ങളെ ഗവൺമെന്റ് വിലമതിക്കുന്നു. പ്രസ്ഥാനത്തിന്റെ ആദർശങ്ങൾക്ക് അനുസരണമായ എല്ലാ സഹായങ്ങളും ഗവൺമെന്റിൽനിന്നും നൽകുന്നുണ്ട്. സംഭാവന ലഭിച്ച ഭൂമിയുടെ വിതരണം സുസാദ്ധ്യമാക്കുന്നതിനു വേണ്ടി ബീഹാർ, ഉത്തർപ്രദേശ്, മദ്രാസ്, മദ്ധ്യപ്രദേശ്, ഒറീസ, പഞ്ചാബ്, രാജസ്ഥാൻ, ഡെൽഹി, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ബോംബെയിലും കേരളത്തിലും ആന്ധ്ര പ്രദേശത്തും മൈസൂറിലും ദാനവസ്തുക്കളുടെ വിതരണം സൌകര്യപ്പെടുത്താൻ വേണ്ടി ഗവൺമെന്റുത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

ദേശീയവികസനസർവ്വീസും സാമൂഹ്യപദ്ധതിയും ആരംഭിക്കുന്ന കാര്യത്തിൽ ഗ്രാമദാനപ്രദേശങ്ങൾക്ക് മുൻഗണന നൽകണമെന്നു് 1957 ഏപ്രിലിൽ മുസൂറിയിൽവെച്ച് നടന്ന ഡെവലപ്പ്മെൻറ് കമ്മീഷണർമാരുടെ 6-ാം സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി. സാമൂഹ്യപദ്ധതിപ്രവർത്തനവും ഗ്രാമദാനപ്രവർത്തനവും തമ്മിൽ കൂടുതൽ ഐകരൂപ്യമുണ്ടാക്കാൻ തീരുമാനിക്കപ്പെട്ടു. ഇതു് സാമൂഹ്യഭദ്രത വളർത്താനും സഹകരണപ്രവർത്തനങ്ങൾ പുരോഗമിപ്പിക്കാനും സഹായകമാകും.

സാമൂഹ്യപദ്ധതിപ്രസ്ഥാനവും ഗ്രാമദാനപ്രസ്ഥാനവും തമ്മിൽ ഏററവും സഹകരിച്ച് പ്രവർത്തിക്കേണ്ടതാവശ്യമാണെന്ന് 1957 സെപ്ററംബറിൽ നടന്ന എൽവാൽ സമ്മേളനത്തിൽ തീരുമാനിക്കപ്പെട്ടു. ഇക്കാര്യത്തെക്കുറിച്ച് സാമൂഹ്യപദ്ധതിവകുപ്പ് നിയമിച്ച ഒരു സമിതി വിശദമായി ചർച്ചചെയ്യുകയും 1958 മേയിൽ മൌണ്ടു് ആബുവിൽ നടന്ന ഡെവലപ്പ്മെൻറ് കമ്മീഷണർമാരുടെ സമ്മേളനത്തിൽ പര്യാലോചിച്ചശേഷം ഭൂദാനപ്രസ്ഥാനവും സാമൂഹ്യപദ്ധതിപ്രവർത്തനവും തമ്മിൽ അടുത്ത സഹകരണം പുലർത്താൻ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1957 ഡിസംബർവരെ ഭൂദാനപ്രസ്ഥാനത്തിനു് 43 ലക്ഷം ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ടു്. ഇതിൽ 6 ലക്ഷം ഏക്കർ വിതരണം ചെയ്തുകഴിഞ്ഞു. 3703 ഗ്രാമങ്ങളും ദാനം ചെയ്യപ്പെട്ടു. ഇതിൽ 1933 ഗ്രാമങ്ങൾ ഒറീസ്സയിൽ മാത്രമാണു്.

നിയമനിർമ്മാണംകൊണ്ടു് ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിനു പുറമെ കേന്ദ്രഗവൺമേന്റിൽനിന്നും സംസ്ഥാനഗവൺമേൻറുകളിൽനിന്നും സഹായധനം നൽകുന്നുമുണ്ടു്. ഉദാഹരണത്തിനു് ഒറീസയിലെ കുറാപുട്ടു്, ഗഞ്ചാം, ബാലസോർ എന്നീ ജില്ലകളിൽനിന്നും ദാനം ലഭിച്ച ഗ്രാമങ്ങളിൽ 94.15 ലക്ഷം രൂപാ ചിലവുചെയ്തു് രണ്ടാം പദ്ധതിക്കാലത്തു് പല വികസനപരിപാടികളും നടപ്പാക്കാനുള്ള അഖില ഭാരത സർവ്വസേവാസംഘത്തിൻെറ ഒരു പദ്ധതിക്കു് ആഭ്യന്തരവകുപ്പു് അംഗീകാരം നൽകിയിരിക്കുന്നു. പ്രധാനമായും പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഒരു പ്രദേശമാണിതു്. ആവശ്യമുള്ള തുകയിൽ 68ലക്ഷം രൂപ ഭാരതഗവൺമെൻറു് നൽകുന്നതും ബാക്കിയുള്ളതു് സർവ്വസേവാസംഘവും ഗാന്ധി സ്മാരകനിധിയും മററനൗദ്യോഗിക സംഘടനകളും ചേർന്നു് നിർവ്വഹിക്കുന്നതുമാണു്. ഒറീസയിലെ ഗ്രാമദാനപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി 1955-56-ൽ കേന്ദ്ര ആഭ്യന്തരവകുപ്പു് ഒറീസ ഗവൺമേൻറിനു് 2 ലക്ഷം രൂപ സഹായധനമായി നൽകി.

അതുപോലെ തന്നെ ബീഹാറിലെ ഭൂദാനപ്രദേശങ്ങളിൽ ഭൂമിയില്ലാത്ത 10000 കൃഷിത്തൊഴിലാളികളെ അധിവസിപ്പിക്കുന്നതിനു് 1957-58-ൽ കേന്ദ്ര ഭക്ഷ്യകൃഷി വകുപ്പിൽനിന്നും 30 ലക്ഷം രൂപ നൽകുകയുണ്ടായി. ഇതിൽ ഇരുപത്തി രണ്ടര ലക്ഷം രൂപ സഹായധനവും ഏഴര ലക്ഷം രൂപ വായ്പയുമാണു്.

ഇതിനെല്ലാം പുറമെ സാമൂഹ്യവികസനവകുപ്പിൽനിന്നും അഞ്ചരലക്ഷം രൂപയോളം വില വരുന്ന ഭൂദാന ഗ്രാമദാന ലഘുലേഖകൾ 1958-59-ൽ ബ്ളോക്കു് കേന്ദ്രങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും ഗ്രാമീണവായനശാലകളിലും മററും വിതരണം ചെയ്യുകയുമുണ്ടായി.

പല സംസ്ഥാനഗവൺമേൻറുകളും ഇതുപോലുള്ള പദ്ധതികൾക്കു് സാമ്പത്തികസഹായങ്ങൾ നൽകിയിട്ടുണ്ടു്.

# 8. ഭൂവുടമപരിഷ്കാരം നടപ്പാക്കൽ

സംസ്ഥാനഗവമ്മേൻറുകൾ ഭൂനിയമപരിഷ്കാരങ്ങൾ നടപ്പാക്കുന്നതു് റവന്യൂവകുപ്പുദ്യോഗസ്ഥന്മാർ മുഖേനയാണു്. ഔദ്യോഗികമായ ഒരു നടപടിക്രമമായതുകൊണ്ടു് ഇതു് ജനങ്ങളിൽ വേണ്ടത്ര താൽപര്യം ഉളവാക്കുന്നില്ല. അതുകൊണ്ടു് ഈ പരിഷ്കാരങ്ങൾ നിവൃത്തിയുള്ളിടത്തോളം ഗ്രാമപ്പഞ്ചായത്തുകൾ മുഖേന നടപ്പാക്കാൻ ശ്രമിക്കണമെന്നു് ഒന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. അങ്ങിനെ വരുമ്പോൾ ഗ്രാമീണർക്കു് അവരുടെ തന്നെ പ്രയത്നംകൊണ്ടു് അഭിവൃദ്ധി നേടാൻ സാധിക്കും.

ചില സംസ്ഥാനങ്ങളിൽ ഭൂപരിഷ്കരണ നടപടികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതു സംബന്ധിച്ച പ്രധാന ചുമതല പഞ്ചായത്തുകളെ ഏല്പിച്ചു. ഉത്തർപ്രദേശിൽ ഭൂഭരണവും, പൊതു ഭൂമിയും വനങ്ങളും ഉപയോഗിക്കുന്നതു സംബന്ധിച്ച അധികാരങ്ങളും ഗ്രാമസമാജങ്ങൾക്കു വിട്ടുകൊടുത്തിരിക്കുന്നു. ഗ്രാമസമാജങ്ങൾക്കു് തിരഞ്ഞെടുക്കപ്പെട്ട നിർവാഹകസമിതികൾ ഉണ്ടായിരിക്കും. ഒരു പരീക്ഷണ നടപടിയെന്ന നിലയിൽ ഭൂനികുതി പിരിവും കമ്മീഷൻ അടിസ്ഥാനത്തിൽ ചില ഗ്രാമസംഘടനകളെ ഏല്പിച്ചിരിക്കുകയാണു്. ബീഹാറിലും ഉത്തർപ്രദേശിലും എസ്റ്റേററുകളുടെ ഭരണം ഗ്രാമപ്പഞ്ചായത്തുകളെ ഏല്പിക്കുവാനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അങ്ങിനെ പല സംസ്ഥാനങ്ങളിലും ഭൂപരിഷ്കരണങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച പ്രവത്തനങ്ങളിൽ ഗ്രാമീണരെ കൂടുതൽ കൂടുതലായി പങ്കെടുപ്പിച്ചുവരുന്നു. ഗ്രാമപ്പഞ്ചായത്തുകൾക്കു് കൂടുതൽ അനുഭവപരിചയങ്ങളുണ്ടാകുകയും അവ വളരുകയും ചെയ്യുമ്പോൾ ഭൂവിതരണം, ഭൂസ്വത്തിൻെറ ഏകീകരണം, തുടങ്ങിയവ അവയേ ഏൽപ്പിക്കാൻ സാധിക്കും.

നമ്മുടെ പദ്ധതികളിൽ നിർദ്ദേശിക്കുന്ന ഭൂപരിഷ്കരണ പരിപാടികളുടെ വിജയം ജനങ്ങളുടെ താല്പര്യത്തേയും പ്രബുദ്ധമായ പൊതുജനാഭിപ്രായത്തേയും ആശ്രയിച്ചിരിക്കുന്നു. കുടിയാന്മാരും കൃഷിത്തൊഴിലാളികളും നിയമപ്രകാരമുള്ള അവകാശാധി

കാരണങ്ങളെക്കുറിച്ച് അറിഞ്ഞിരുന്നാൽ മാത്രം പോരാ, അവ പ്രയോഗിക്കുകകൂടി വേണം. ഭൂനിയമമനുസരിച്ച് ഓരോരുത്തർക്കുമുള്ള അധികാരാവകാശങ്ങൾ ജനസമൂഹത്തിൻെറ ഇടയ്ക്കു പ്രചരിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് രണ്ടാം പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു.

ജന്മിത്വവും ഹുണ്ടികവ്യാപാരവും മററും അവസാനിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് കൃഷിവികസനത്തിനു ഗ്രാമീണരെ സാമ്പത്തികമായി സഹായിക്കാനുള്ള കടപ്പാട് പ്രധാനമായും ഇപ്പോൾ ഗവൺമെൻറിനും സഹകരണസംഘങ്ങൾക്കുമാണ്. സഹകരണസംഘങ്ങൾ വായ്പ നല്കുക, വിപണനസൌകര്യങ്ങളുണ്ടാക്കിക്കൊടുക്കുക എന്നു തുടങ്ങിയ പ്രവൎത്തനങ്ങളിലൂടെ വികസിച്ചുവരുന്നതോടെ ഭൂപരിഷ്കരണ പരിപാടികൾക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കും. വികസനപ്രവൎത്തനങ്ങളും മററും ഈ അഭിവൃദ്ധിക്ക് കൂടുതൽ ചൈതന്യം നൽകുന്നതുമാണ്.

ഗ്രാമപ്രദേശങ്ങളിലെ എല്ലാ വികസന പരിപാടികളും തമ്മിൽ കൂട്ടിയിണക്കാനും വികസനപരിപാടികൾ നടപ്പാക്കുന്ന വിവിധവകുപ്പുകളുടെ പ്രവൎത്തനങ്ങൾ ഏകോപിപ്പിക്കാനും സംസ്ഥാനഗവൺമെൻറുകൾ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

## ഭരണപരമായ പ്രശ്നങ്ങൾ

മുൻകാലങ്ങളിൽ ഭൂനിയമപരിഷ്കരണനടപടികൾ നടപ്പാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഭരണപരമായ വൈഷമ്യങ്ങളിലേക്ക് രണ്ടാം പദ്ധതി നമ്മുടെ ശ്രദ്ധ ആകൎഷിച്ചിരിക്കുന്നു. പ്രമാണരേഖകളും പരിശീലനം ലഭിച്ച പ്രവൎത്തകരും കുറവായിരുന്നതാണ് ഈ വൈഷമ്യങ്ങളിൽ പ്രധാനപ്പെട്ടതു്. ഭാവിയിൽ കാൎയ്യക്ഷമത നിലനിറുത്തുന്നതിനു് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

1. ഏററവും ആധുനികമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും സൂക്ഷ്മതയോടുകൂടി തയാറാക്കിയിട്ടുള്ളതുമായ പ്രമാണങ്ങൾ സൂക്ഷിക്കുക.
2. നികുതി സംബന്ധിച്ച കാൎയ്യങ്ങൾക്കുവേണ്ടി വസ്തുവിൻെറ എല്ലാ വിവരങ്ങളും സംഭരിക്കാനുള്ള സൎവ്വേകൾ നടത്തുകയും പുതിയ റെവന്യൂ റെക്കാർഡുകൾ തയാറാക്കുകയും ചെയ്യുക.

3. റെവന്യൂ ഉദ്യോഗസ്ഥന്മാർ സ്ഥലപരിശോധന നടത്തുമ്പോൾ ഗ്രാമപ്പഞ്ചായത്തംഗങ്ങളെക്കൂടി അതിൽ സഹകരിപ്പിക്കുക. അത്തരം റെക്കാർഡുകൾ പഞ്ചായത്താഫീസുകളിൽ പരിശോധനക്കേല്പിക്കുകയും പുതുതായിട്ടുള്ള മാററങ്ങൾ പ്രസക്ത കക്ഷികളെ അറിയിക്കുകയും ചെയ്യുക.

4. കൂട്ടതൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ നിയമിക്കുക, ഭൂപരിഷ്കരണങ്ങളുടെ ഉദ്ദേശത്തെക്കുറിച്ച് റവന്യൂ ഉദ്യോഗസ്ഥന്മാക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഹ്രസ്വകാല കോഴ്സുകൾ ഏർപ്പെടുത്തുക.

മുൻപറഞ്ഞ അടിസ്ഥാനത്തിലുള്ള നടപടികൾ പല സംസ്ഥാനങ്ങളിലും കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണത്തിനു രാജസ്ഥാനിൽ ഭൂവുടമ സംബന്ധിച്ച പ്രമാണങ്ങൾ പുതുക്കുകയും റവന്യൂവകുപ്പ് ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ബംഗാളിൽ പൊളിച്ചെഴുത്തു സംബന്ധിച്ച നടപടികളാരംഭിച്ചിരിക്കുന്നു. ഹൈദ്രാബാദിൽ പ്രമാണങ്ങൾ പുതുക്കിത്തയാറാക്കിയിരിക്കുന്നു. മദ്രാസിൽ കുടിയാന്മാരുടെ പേരുവിവരപ്പട്ടിക തയ്യാറാക്കിവരികയാണ്. ബീഹാറിലും ഒറീസയിലും പ്രമാണങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഉത്തർപ്രദേശിൽ അവകാശപ്രമാണങ്ങൾ തെററുതിരുത്തിപ്പുതുക്കുന്നതിനു സംസ്ഥാനവ്യാപകമായ ഒരു പരിപാടി ഗവൺമേൻറിൽനിന്നും നടപ്പാക്കി. പഞ്ചാബിൽ കുടിയായ്മനിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനു ഭരണപരമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇനിയും വളരെയധികം പ്രവത്തനങ്ങൾ ഇക്കാര്യത്തിൽ ചെയ്തുതീരാൻ കിടക്കുന്നു.

# 9. നിശ്ശബ്ദവിപ്ലവം

ഭൂപരിഷ്കരണ നടപടികൾ നമ്മുടെ ഗ്രാമങ്ങളിൽ യാതൊരൊച്ചപ്പാട്ടമില്ലാതെ ഒരു വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. സമാധാനപൂർണ്ണവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ കർഷകസമുദായത്തിൽ പരിവർത്തനങ്ങളുണ്ടാക്കി സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു പുതുയുഗത്തിന്റെ പിറവിക്ക് അവ കളമൊരുക്കുന്നു. ഭാരതത്തിലെ ഭൂപരിഷ്കരണതത്വത്തെക്കുറിച്ച് നമ്മുടെ പ്രധാനമന്ത്രി 1956 ജൂൺ 20-ാം തീയതി ദേശീയ വികസനസമിതിയിൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി.

"മററുള്ളവരെ എതിർത്തു തോല്പിക്കുന്നതിനു പകരം സൗഹാർദ്ദപൂർവ്വം നമ്മുടെ ഭാഗത്തേക്ക് അവരെ ആകർഷിക്കുവാനുള്ള നമ്മുടെ കഴിവിൽ ഞാൻ വിശ്വസിക്കുന്നു. ഭിന്നാഭിപ്രായമുള്ളവരെ തുടച്ചു നീക്കുകയും കൂടുതൽ ശക്തിയുള്ള കക്ഷി ജയിക്കുകയും ചെയ്യുന്ന ആസമീപനരീതിയേക്കാൾ ഫലപ്രദമാണ് സൗഹാർദ്ദപരമായ സമീപനവും ജനാധിപത്യസമ്മർദ്ദവുംകൊണ്ടു് സാമൂഹ്യപരിവർത്തനങ്ങളും പുരോഗതിയും കൈവരുത്തുന്നതു്. വിഭിന്നതാൽപര്യങ്ങൾ തമ്മിൽ സംഘട്ടനങ്ങളുണ്ടാകുമെന്നു്, വർഗ്ഗസംഘട്ടനങ്ങളാണവയെന്നു്, നമുക്കറിയാം. അതിനെ നാം അവഗണിക്കുന്നില്ല; അവഗണിക്കുന്നെങ്കിൽ അതു് യാഥാർത്ഥ്യത്തോടുള്ള അവഗണനയായിരിക്കും. എന്നാൽ ചിലർ ചെയ്യുന്നതുപോലെ വർഗ്ഗസംഘട്ടനങ്ങളെ നാം പ്രോത്സാഹിപ്പിക്കുകയില്ല; കഴിയുന്നതും അതു് ഒതുക്കാനും കുറയ്ക്കാനും നോക്കും. സ്ഥാപിതതാല്പര്യങ്ങൾ അതിനിടക്കു ചാടിവീണാൽ അവയെ നീക്കം ചെയ്യുന്നതാണ്. എന്നാൽ സൌഹാർദ്ദത്തിന്റേയും സഹകരണത്തിന്റേയും മാർഗ്ഗത്തിലായിരിക്കും നാം അതു് ചെയ്യുന്നതു്. എന്തെന്നാൽ ആരോടും നമുക്ക് പകയില്ല; വ്യക്തിക്കും സമഷ്ടിക്കും പൂർണ്ണ നന്മയുണ്ടാകണമെങ്കിൽ 36 കോടി ജനങ്ങളുള്ള ഈ രാഷ്ട്രം മുഴുവനായിത്തന്നെ പുരോഗമിച്ചേ പററൂ എന്നു് നമുക്കറിയുകയും ചെയ്യാം."

നമ്മുടെ ഭൂപരിഷ്കരണ നടപടികൾ ഗ്രാമീണഭാരതത്തിൽ സാമൂഹ്യനീതി കൈവരുത്തുന്നതിനും അധ്വാനിക്കുന്ന കൃഷക ത്തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും വളരെയധികം സഹായിച്ചിട്ടുണ്ട്. എന്നാൽ സഹകരണാടിസ്ഥാ നത്തിലുള്ള കൃഷി, ഭൂമിയില്ലാത്ത കർഷകർക്ക് തൊഴിലുണ്ടാക്കി ക്കൊടുക്കുക, കുടിയാന്മാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം നൽകുക എന്നു തുടങ്ങിയ കാര്യങ്ങൾ ഇനിയും വേണ്ടത്ര മുന്നോട്ടു പോയിട്ടില്ല. നാം ആഗ്രഹിക്കുന്ന ആ കാർഷികബന്ധഘടന രൂപപ്പെട്ടുത്തേണ്ടി യിരിക്കുന്നു. ഭൂപരിഷ്കരണ നടപടികളുടെ പ്രവർത്തനത്തെ കുറിച്ച് കൈക്കൊണ്ട ചില അന്വേഷണങ്ങളിൽനിന്നു വ്യക്ത മാകുന്നതു് അവയുടെ നടത്തിപ്പ് ഒട്ടുംതന്നെ തൃപ്തികരമായ നില യിൽ എത്തിയിട്ടില്ലെന്നാണ്. ഉദാഹരണത്തിനു് രാഷ്ട്രീയസാ മ്പത്തികകാര്യങ്ങൾ സംബന്ധിച്ച ഗോഖലേ ഇൻസ്റ്റിററ്യൂട്ട് (പൂനാ) 1958-ലെ ബോംബേ കുടിയായ്മ നിയമത്തെക്കുറിച്ച് നടത്തിയ സർവ്വേതന്നെ എടുക്കാം. പ്ലാനിങ് കമ്മീഷൻെറ റിസർച്ച് പ്രോ ഗ്രാം കമ്മിററിയുടെ ആഭിമുഖ്യത്തിലാണ് ഈ സർവ്വേ നടത്തിയ തു്. നിയമംകൊണ്ടുദ്ദേശിച്ചിരുന്ന ഫലം സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലുമുള്ള കുടിയാന്മാർക്ക് ലഭിക്കുകയുണ്ടായില്ലെന്നു് അന്വേഷണങ്ങളിൽനിന്നു തെളിഞ്ഞു. മുമ്പത്തെ ഹൈദ്രാബാദ് ഗവൺമേൻറ് നടത്തിയ ഒരന്വേഷണത്തിൽനിന്നു ലഭിച്ച വിവ രവും ഇതുപോലെയുള്ളതായിരുന്നു. ഉത്തർപ്രദേശിലെ മൂന്നു ഡി വിഷനുകളിൽനിന്നു സംഭരിച്ച സ്ഥിതിവിവരക്കണക്കുകൾ വെച്ചു നോക്കുമ്പോൾ അവിടത്തെ ആദിവാസികളെക്കൊണ്ട് സ്വന്തം കൈവശാവകാശം വിട്ടൊഴിഞ്ഞെഴുതി അപേക്ഷകൾ കൊടുപ്പി ക്കാൻ ഭൂടവുമസ്ഥർ പ്രേരണ ചെലുത്തിയതായി കാണാം. തെലി ങ്കാനാ പ്രദേശത്തു് ഭൂസ്വത്തിൽ പരിധി നിർണ്ണയിച്ചതുമൂലം കിട്ടി യ മിച്ചഭൂമി പ്രതീക്ഷയിൽ വളരെ കുറഞ്ഞുപോയിയെന്നു് ആ ന്ധ്രപ്രദേശ് ഗവൺമേൻറു് പ്രസ്താവിച്ചതു സ്മരണീയമാണ്.

മുൻപറഞ്ഞ പഠനങ്ങളിലും അന്വേഷണങ്ങളിലും നിന്നു വ്യ ക്തമാകുന്ന ഒരു വസ്തുത സ്വമേധയാലുള്ളതെന്നുപറയപ്പെടുന്ന ഭൂമിതിരിച്ചേൽപ്പിക്കലും ഉത്തമവിശ്വാസത്തോടുകൂടിയല്ലാത്ത കൈമാററങ്ങളും ഉടനടി അവസാനിപ്പിക്കേണ്ടിയിരിക്കുന്നുവെന്ന താണ്. അതുകൊണ്ടു തന്നെയാണ് ഇത്തരം ഏർപ്പാടുകൾക്ക് അറുതി വരുത്തണമെന്നും ഇക്കാര്യത്തിൽ രണ്ടാം പദ്ധതിയിലെ

നിർദ്ദേശങ്ങൾ ഉടനടി സംസ്ഥാന ഗവൺമേൻറുകൾ നടപ്പാക്കണമെന്നും ദേശീയ വികസനകൌൺസിലിൻെറ സ്റ്റാൻഡിങ്ങ് കമ്മിററി നിർദ്ദേശിച്ചതു്. രാജ്യത്തിൻെറ പൊതുവായ സാമ്പത്തിക നില ഗണ്യമായ തോതിൽ അഭിവൃദ്ധിപ്പെട്ടകയും ഭൂമിയെ മാത്രമാശ്രയിച്ചു ജീവിക്കുന്നവരുടെ സംഖ്യ കുറയുകയും ചെയ്യുന്നതുവരെ പ്രതികൂലമായ സാമൂഹ്യസാമ്പത്തിക സമ്മർദ്ദങ്ങളിൽനിന്നു് പാവപ്പെട്ടവരുടെ താല്പര്യങ്ങളെ രക്ഷിക്കാൻ ഗവൺമേൻറിനു് സാദ്ധ്യമാകുകയില്ല.

ഭാരതത്തിലെ ഭൂപരിഷ്കരണ നടപടികളെ പരാമർശിച്ചുകൊണ്ടു് യുണൈററഡ് നേഷൻസിൻെറ ഭൂപരിഷ്കരണ പുരോഗതി സംബന്ധിച്ച റിപ്പോർട്ടിൽ ഇങ്ങിനെ പറയുന്നു: "അടുത്ത കാലത്തു ഭാരതത്തിലുണ്ടായ ഭൂപരിഷ്കരണനിയമങ്ങൾ, അതിൻെറ വലുപ്പത്തിൽ, ഈ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മററു് എല്ലാ സർവ്വെകളേക്കാളും വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണു്. അവ ലക്ഷക്കണക്കു കൃഷകരേയും അതിവിസ്തൃതമായ പ്രദേശങ്ങളേയും ബാധിക്കുന്നു."

മൌലികപ്രാധാന്യമുള്ള ഭൂപരിഷ്കരണനിയമങ്ങളുടെ സത്വരമായ നടത്തിപ്പിനു് ഏററവുമധികം ആവശ്യമായിട്ടുള്ളതു് ജനങ്ങളുടെ ശ്രദ്ധയും ഉണർവ്വുമാണു്. ഭൂപരിഷ്കരണനടപടികളുടെ ഫലങ്ങളെക്കുറിച്ചു് വിലയിരുത്തുന്നതിനും ദീർഘകാല ഗവേഷണപരിപാടികൾ സംഘടിപ്പിക്കുന്നതിനും പററിയ ഉപാധികളെ സംബന്ധിച്ചു് ഭാരതത്തിൻേറയും ഭക്ഷ്യ-കൃഷി സംഘടനയുടേയും പ്രതിനിധികൾ ചേർന്ന ഒരു സംയുക്തപഠന സംഘം ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. ഭൂപരിഷ്കരണനിയമങ്ങളുടെ പുരോഗതി, പ്രവർത്തനം, ഫലങ്ങൾ എന്നിവയെ കുറിച്ചു് അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനു് പ്ലാനിങ്ങ് കമ്മീഷൻെറ റിസർച്ചു് പ്രോഗ്രാം കമ്മിററി ഒരു മൂന്നംഗസമിതിയെ നിയമിച്ചിരിക്കുന്നു.

പബ്ളിക്കേഷൻസ് ഡിവിഷൻ,
വാർത്താപ്രക്ഷേപണവകുപ്പ്,
ഭാരതഗവണ്മെൻറ്,
ഡെൽഹി-8.

# ഭൂനിയമപരിഷ്കരണം ഭാരതത്തിൽ

सत्यमेव जयते

പബ്ലിക്കേഷൻസ് ഡിവിഷൻ

Indic Digital Archive Foundation
gpura.org